# പട്ടത്വസഭകളും ദൈവസഭയും

## ദൈവത്തിൽ നിന്നുള്ള സത്യം

ലോകത്തിൽ ഇന്ന് അനവധി മതങ്ങൾ-സഭകൾ ദൈവത്തിൽ നിന്നുള്ള സത്യം അവർക്ക് ലഭിച്ചിരിക്കുന്നു എന്ന് അവകാശപ്പെടുന്നുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ അവർ അവകാശപ്പെടുന്ന സത്യത്തിൽ വൈരുദ്ധ്യം ഉള്ളതായി കാണാം. ദൈവത്തിങ്കലേക്ക് അവ ഓരോന്നും ഓരോ വഴികൾ ചൂണ്ടിക്കാണിക്കുന്നു. ദൈവവുമായി ബന്ധപ്പെടാൻ ഇതല്ലാതെ മറ്റു മാർഗ്ഗമില്ലെന്ന ഓരോരുത്തരുടെയും അവകാശവാദങ്ങൾ വിശകലനം ചെയ്യേണ്ടതാണ്. അറിയപ്പെടുന്ന എല്ലാ വഴികളും എല്ലാ മതങ്ങളും ശരിയാകുവാൻ സാധ്യമല്ല. പ്രപഞ്ചത്തേയും പ്രപഞ്ചത്തിലുള്ളതിനേയും ഉളവാക്കിയ ദൈവം ഏക നായതുകൊണ്ട് ആ ദൈവത്തെ സംബന്ധിച്ച സത്യവും ഏകമായിരിക്കണമല്ലോ?

ദൈവത്തേയും മതത്തേയും കുറിച്ച് പ്രചരിക്കപ്പെട്ടിട്ടുള്ള തെറ്റിധാരണകളിലധികവും മനുഷ്യരുടെ തോന്നലുകളിൽനിന്നും വിശ്വാസങ്ങളിൽനിന്നും ഉരുത്തിരിഞ്ഞു വന്നതാണ്. മനുഷ്യന് തന്റെ ഉള്ളിൽ സത്യം എന്നു തോന്നുന്നത് സത്യമായിരിക്കണമെന്നില്ല. ഒരു കാലത്ത് ഭൂമി പരന്നതാണെന്നതായിരുന്നു വിശ്വാസം. ഇന്നത് തെറ്റാണെന്ന് നമുക്കറിയാം. ഭൂമി ഉരുണ്ടതാണെന്ന് സംശയാതീതമായി തെളിയിക്കപ്പെട്ടുകഴിഞ്ഞു. ചിലർ എന്തു വിചാരിച്ചാലും ഭൂമി ഉരുണ്ടതുതന്നെയാണ്. വ്യക്തികളുടെ തോന്നലുകൾക്കപ്പുറമായി തികഞ്ഞ ഒരു സത്യമുണ്ട്. അങ്ങനെയെങ്കിൽ ദൈവത്തെ സംബന്ധിച്ച സത്യം എവിടെയാണ്? ദൈവത്തിന്റെസത്യംഎന്നവകാശപ്പെടുന്നമതങ്ങൾപരസ്പരവിരുദ്ധ ആശയങ്ങൾ അടങ്ങുന്നതാണ്. അതുകൊണ്ടുതന്നെ ഇത് ദൈവത്തിൽനിന്നുള്ളതാണോ ദൈവിക നിലവാരം പുലർത്തുന്നവയാണോ എന്ന് ഓരോ മതഗ്രന്ഥവും

പരിശോധിക്കേണ്ടിയിരിക്കുന്നു. ചരിത്രം, ശാസ്ത്രം, കണ്ടുപിടുത്തങ്ങൾ, അത്ഭുതങ്ങൾ എന്നിവ ഉൾപ്പെടുത്തി അനേക രീതിയിൽ പരിശോധിച്ചും പരീക്ഷിച്ചും സത്യമെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള പുസ്തകമാണ് ബൈബിൾ. വിശദീകരണം ആവശ്യമുള്ളവർ 'പ്രശ്നവേദി' എന്ന പുസ്തകം കാണുക.

ബൈബിൾ ദൈവവചനമാണ്. മനുഷ്യൻ ദൈവത്തെക്കുറിച്ച് എഴുതിയുണ്ടാക്കിയ കുറെ അഭിപ്രായങ്ങളല്ല ബൈബിൾ. ദൈവം തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തി കൊടുത്തതാണ് ബൈബിൾ (2 പത്രോസ് 1:20, 21). മനുഷ്യന്റെ ഇഷ്ടത്താലോ വ്യാഖ്യാനത്താലോ ഉണ്ടായതല്ല; ദൈവകല്പനയാൽ മനുഷ്യൻ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രേ. ബൈബിളിലെ എഴുത്തുകാർ എല്ലാവരും ഈ സത്യം പ്രസ്താവിച്ചിട്ടുണ്ട്. വിശദമായ വിവരണം ആവശ്യമുള്ളവർ ബൈബിൾ ഒരു മതഗ്രന്ഥമോ എന്ന പുസ്തകം ആവശ്യപ്പെടുക.

എഴുത്തുകാരിൽ ദൈവം നേരിട്ടു പ്രവർത്തിച്ചു. അതാണ് ദൈവശ്വാസീയം എന്നു പറയുന്നത് (2 തിമൊ. 3:16). അതുപോലെ തന്നെ 66 പുസ്തകങ്ങളാണ് ബൈബിളിൽ ഉള്ളത്. ഈ പുസ്തകങ്ങളിൽ എല്ലാം പൊതുവായി നിറഞ്ഞുനിൽക്കുന്ന വിഷയം മനുഷ്യരക്ഷ എന്നതാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ മനുഷ്യർക്ക് രക്ഷയുണ്ട്.

ബൈബിളിൽ അപ്പോ. പ്രവർത്തി 18, 19 അദ്ധ്യായങ്ങളിലും എഫേസ്യ ലേഖനത്തിലും ഉള്ള ചരിത്രരേഖകളിൽ ആളുകൾ എങ്ങനെ രക്ഷിക്കപ്പെട്ടു അഥവാ രക്ഷിക്കപ്പെടും എന്ന് വ്യക്തമാക്കുന്നുണ്ട്. സുവിശേഷം പ്രസംഗിക്കുന്നത് ആദ്യം അവർ കേട്ടു. (പ്രവർത്തി.18: 18-21; 19: 1-10; എഫേസ്യർ 1:13) തുടർന്ന് സുവിശേഷത്തിലെ ഉപദേശം കേട്ട് വിശ്വസിച്ചു. അത് ദൈവത്തിൽ നിന്നുള്ള സത്യമായ വെളിപ്പാടായി സ്വീകരിച്ചു. പാപത്തിൽനിന്ന് പിൻതിരിഞ്ഞ് ദൈവവഴിയിലേക്ക് തിരിയുവാൻ അവർ തീരുമാനിച്ചു. വിശ്വാസം അവരെ യേശു ദൈവ പുത്രനാണെന്ന് ഏറ്റുപറയുവാൻ ധൈര്യപ്പെടുത്തി. പ്രവർത്തി 19: 17; എഫേസ്യർ 1: 13, 15. അവരുടെ എല്ലാ മതപരമായ വിശ്വാസ ങ്ങളും തെറ്റാണെന്ന് ബോധ്യമായതുകൊണ്ട് അവർ മാനസാന്തരപ്പെട്ടു. തെറ്റായ



പ്രവർത്തികൾ പരിശീലനങ്ങൾ അവർ മതിയാക്കി (പ്രവർത്തി 19: 17-20). യേശുവിനെ കർത്താവായി അവരുടെ രക്ഷയ്ക്കായി ഏറ്റുപറഞ്ഞു (പ്രവർത്തി 19-17,18) ക്രിസ്തുവിന്റെ ഉപദേശങ്ങളനുസരിച്ച് ജീവിക്കുവാൻ തയ്യാറായി എന്നുമാത്രമല്ല ക്രിസ്തുവിനോടു ചേരുന്നതിന് സ്നാനമേറ്റു. (അപ്പോ. പ്രവർത്തികൾ 2: 41; 8: 36-38; 19: 5).

ക്രിസ്തുവിന്റെ കല്പനയായ സ്നാനത്തെ മനുഷ്യർ പലവിധത്തിൽ മാറ്റിയും മറിച്ചും ചെയ്യുന്നുണ്ട്. ക്രിസ്തുവിന്റെ ശരീരത്തോട് ബന്ധപ്പെടുന്ന കല്പനയാണ് സ്നാനം. ക്രിസ്തുവിന്റെ യാഗത്തോട് ബന്ധപ്പെടുമ്പോഴാണ് യാഗഫലം കിട്ടുന്നത്. സ്നാനം മൂലം ക്രിസ്തുവിനോട് ചേരുകയാണ് (റോമർ 6: 3, 6-11; കൊലോസ്യ. 2:12) ദൈവസഭയിലേക്ക് പ്രവേശിക്കുവാൻ മറ്റു മാർഗ്ഗമില്ല (യോഹ 3: 3-5) ശിശുക്കൾ പാപം ചെയ്യുന്നില്ല. ശിശുക്കൾ ദൈവരാജ്യത്തിൽത്തന്നെയാണ് (യെഹെസ്കേൽ 18: 20). നാം ശിശുക്കളെപ്പോലെ തിരിഞ്ഞുവരണമെന്ന് ദൈവം ആഗ്രഹിക്കുന്നു. തെറ്റായ രീതിയിൽ സ്നാനം ഏറ്റവർ ശരിയായ സ്നാനം ഏറ്റാലേ പരിശുദ്ധാത്മാവ് ലഭിക്കുകയുള്ളു എന്നു ബോധ്യമായപ്പോൾ അവർ വചനപ്രകാരമുള്ള സ്നാനമേൽക്കുകയും അവരിൽ ദൈവം തന്റെ ആത്മാവിനെ നൽകുകയും ചെയ്തു. (പ്രവർത്തി 19: 2-5). ക്രിസ്തുവിലാകുക എന്നാൽ ക്രിസ്തുവിന്റെ സഭയിൽ അംഗമാകുക എന്നർത്ഥം. (കൊലോസ്യർ 1: 18). രക്ഷിക്കപ്പെട്ടവരാണ് ക്രിസ്തുവിലാകുന്നത്. അവർക്ക് സകല ആത്മീയ അനുഗ്രഹങ്ങളും അപ്പോഴാണ് അനുഭവിക്കാൻ കഴിയുന്നത്. ക്രിസ്തുവിലാകാൻ രക്ഷിക്കപ്പെടുകയല്ലാതെ മറ്റു മാർഗ്ഗമില്ല .

പ്രവചനങ്ങളും വാഗ്ദാനവും അനുസരിച്ചാണ് കർത്താവ് സഭയെ പണിതത് (ദാനിയേൽ 2: 44; സെഖര്യ 1: 16; യെശയ്യാവ് 2:2, 3;1 തിമോഥെയോസ് 3:15; എബ്രായർ 12: 23; ലൂക്കോസ് 24: 47; മത്തായി 16:13-19). അപ്പോസ്തലന്മാരോട് കർത്താവ് യെരുശലേമിൽ കാത്തിരിക്കാൻ ആവശ്യപ്പെട്ടതുപോലെ അവർ ചെയ്തു. പ്രവചനവും വാഗ്ദത്തവും അനുസരിച്ച് പെന്തക്കോസ്തു നാളിൽ കർത്താവ് തന്റെ സഭയെ പണിതു. പരിശുദ്ധാത്മാവ്

ശക്തിയോടെ അപ്പോസ്തലന്മാരിൽ വരികയും തുടർന്ന് വചനം കേട്ട് വിശ്വസിച്ച് മാനസാന്തരപ്പെട്ട് സ്നാനമേറ്റവരെ കർത്താവ് രക്ഷിക്കയും തന്റെ സഭയിൽ ആക്കുകയും ചെയ്തു. യെരുശലേമിൽ ആരംഭിക്കാത്തതും കർത്താവ് പണിയാത്തതുമായ സഭകൾ ഒന്നും കർത്താവിന്റേതല്ല. ദൈവവചനത്തിൽ കർത്താവ് അരുളിചെയ്ത രക്ഷാ പദ്ധതി അനുസരിക്കുന്നവരെ മാത്രമേ ദൈവം രക്ഷിക്കുകയുള്ളു. അവരാണ് കർത്താവിന്റെ സഭയിലുള്ളത്. പേരിൽ മാത്രം ക്രിസ്തുവിന്റെ സഭ എന്നറിയപ്പെട്ടാൽ പോരാ; വിശ്വാസം, ഉപദേശം, ആരാധന, അനുഷ്ഠാനം എല്ലാം വചനപ്രകാരം ആയിരിക്കണം. എന്നാൽ മൂഢരായ ആളുകൾ സഭയുടെ ആരംഭം മുതൽ കർത്താവിന്റെ വാഗ്ദാനത്തോട് കൂട്ടുചേർത്തുകൊണ്ടിരിക്കുകയാണ്. പുതിയ സഭകൾ പണിയുവാൻ ആളുകൾ മത്സരിക്കുന്നു. യേശുക്രിസ്തു ഏക സഭ മാത്രമേ പണിതുള്ളു. എന്നാൽ മനുഷ്യർ എണ്ണിക്കൂടാത്തത്ര സഭകൾ ഉണ്ടാക്കിയിരിക്കുകയാണ്. ഇവർക്ക് എന്തു സംഭവിക്കും എന്ന് യേശുക്രിസ്തു മുന്നറിയിച്ചിട്ടുണ്ട്. സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പിഴുതുപോകും. (മത്തായി 15: 13.) സഭയുടെ പേരിൽ വിവാദങ്ങൾ ധാരാളം ഉയർന്നു വരുന്നുണ്ട്. ഇവിടെ സത്യസന്ധരായ സത്യാന്വേഷകർ ചെയ്യേണ്ടത് അവർ ദൈവവചനം (ബൈബിൾ) വായിച്ച് മനസിലാക്കണം. ആര് എന്തുപറഞ്ഞാലും അത് വചനത്തിലുണ്ടോ എന്ന് പരിശോധിക്കണം.

**പാരമ്പര്യം അവകാശപ്പെടാൻ കഴിയാത്ത നൂറുവർഷത്തിൽ താഴെ പഴക്കമുള്ള പിതാക്കന്മാരുടെ വിശ്വാസംവിട്ട നവീകരണ സഭകളുടെ ഉപദേശംസ്വീകാര്യമാകുന്നതെങ്ങനെ?**

പരിശുദ്ധാത്മാവിനായി കാത്തിരുന്ന അപ്പോസ്തലന്മാർക്കും കൂടെ ഉണ്ടായിരുന്നവർക്കും പെന്തെക്കോസ്തു നാളിലുണ്ടായ പരിശുദ്ധാത്മ വ്യാപാരത്തിന് "പെന്തെക്കോസ്ത് അനുഭവം" എന്നു പറയാറുണ്ട്. ആ അനുഭവത്തിന് മുൻഗണന കൊടുക്കുന്ന വരെ "പെന്തെക്കോസ്തുകാർ" എന്നു വിളിക്കുന്നു. പക്ഷെ സഭയുടെ പേര് അപ്പോഴും ദൈവസഭ എന്നാണ്.



ചപ്പുചവറുകൾ വീണ് സ്വാഭാവികമായി മൂടിപ്പോയ ഒരു കുഴിയിൽ നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നതുപോലെ നൂറ്റാണ്ടുകളിലൂടെ സഭയിൽ കടന്ന ദുരുപദേശങ്ങൾ നീക്കി പൂർവ്വസ്ഥിതിയിലാക്കുകയാണ് നവീകരണക്കാർ ചെയ്തത്. ഇവിടെ പുതിയ സഭ സ്ഥാപിക്കയല്ല ശുദ്ധീകരിക്കയാണ് ചെയ്തത്. സഭയിൽ നടന്നത് നവീകരണമാണ്. ദുരുപദേശത്തിൽ മുങ്ങിപ്പോയ സഭകൾ തിരുവചനത്തെ തള്ളിക്കളഞ്ഞപ്പോൾ അത് മുഴങ്കാലിൽനിന്ന് ഏറ്റെടുത്ത് സത്യം പ്രാവർത്തികമാക്കി ഒന്നാം നൂറ്റാണ്ടിലെ സഭയുടെ യഥാർത്ഥരൂപം വീണ്ടെടുക്കുക മാത്രമാണ് (ആരാധന, ഉപദേശം, പ്രവർത്തികൾ) നവീകരണത്തിലൂടെ നടന്നത്. ഇവിടെ ആര് പറയുന്നു എന്നല്ല പറയുന്ന കാര്യങ്ങൾ ബൈബിളിൽ ഉണ്ടോ എന്നാണ് നോക്കേണ്ടത്.

**ഇന്നത്തെ പള്ളിയുടെ അവസ്ഥ ആദിമസഭയുടെ മാതൃക പ്രകാരമോ വേദപുസ്തകം അനുശാസിക്കുന്ന പ്രകാരമോ അല്ല എന്നു പറയാൻ കാരണം?**

ആന്തരിക മനുഷ്യൻ അഥവാ മനുഷ്യാത്മാവ്, അവന്റെ ഉടയവനോട് അഥവാ പരമാത്മാവിനോട് ഉള്ള കടപ്പാട് വെളിവാക്കുന്ന ഹൃദയവികാരവും അതിന്റെ നാനാമുഖമായ പ്രവൃത്തികളും വാക്കുകളും ആണ് ആരാധന.

ഇപ്രകാരം ആരാധനയ്ക്കായി കൂടിവന്ന ക്രിസ്തീയസഭയുടെ ആരംഭം ഭൗതിക സന്നാഹങ്ങളൊന്നും കൂടാതെ വളരെ എളിമയോടെ ആയിരുന്നെന്നു നമുക്കെല്ലാം അറിയാം. പ്രത്യേകം വേർതിരിക്കപ്പെട്ട ആരാധനാലയങ്ങൾ ആദിമ സഭയ്ക്ക് ഉണ്ടായിരുന്നില്ല. ക്രിസ്തുവിന്റെ മരണത്തിനും ഉയിർപ്പിനും ശേഷം ക്രൈസ്തവർ യെഹൂദമതത്തിന്റെ നിയമങ്ങളിൽനിന്നും ചട്ടങ്ങളിൽനിന്നും വ്യത്യസ്തമായി ക്രിസ്തുവിൽ കേന്ദ്രീകൃതമായ അനുഷ്ഠാനങ്ങളും ആദ്ധ്യാത്മികതയും വേദശാസ്ത്ര വ്യാഖ്യാനങ്ങളും രൂപപ്പെടുത്തി. ആ സമയത്ത് റോമൻ സാമ്രാജ്യാധികാരികൾ ക്രൈസ്തവർക്ക് എതിരായ പീഡയും ആരംഭിച്ചു.

കുറുനരികൾക്കു കുഴിയും ആകാശത്തിലെ പറവകൾക്കു കൂടും ഉണ്ട്. മനുഷ്യ പുത്രനു തല ചായ്ക്കാൻ ഇടമില്ല (മത്തായി 8:20)

എന്നു പറഞ്ഞ ക്രിസ്തുവിന്റെ ആദ്യകാലാനുയായികൾ ആ ഇല്ലായ്മയുടെ ദുഃഖത്തെ നിഷേധാത്മകമായി കാണാതെ, അതു ക്രിസ്തീയ ലാളിത്യത്തിന്റെയും നിസ്സംഗതയുടെയും ഈ ലോകത്തിൽ തങ്ങൾ സ്വയം സ്വീകരിച്ച ആത്മീയ പ്രവാസബോധത്തിന്റേയും പുതിയ യെരൂശലേമിനേക്കുറിച്ചുള്ള പ്രത്യാശയുടേയും അടയാളമായി വ്യാഖ്യാനിച്ചു. സ്വന്തമായി മന്ദിരമില്ലാതിരുന്ന ആദിമ ക്രിസ്ത്യാനികളോടു പൗലോസ് അപ്പോസ്തലൻ പറഞ്ഞു: “നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണ് എന്നു നിങ്ങൾ അറിയുന്നില്ലയോ? ആരെങ്കിലും ദൈവത്തിന്റെ മന്ദിരം നശിപ്പിച്ചാൽ അവനെ ദൈവം നശിപ്പിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ മന്ദിരം വിശുദ്ധമാകുന്നു. നിങ്ങളാകുന്നു ആ മന്ദിരം” (1 കൊരി. 3: 16). ഓരോരോ വീടുകളിലാണ് ആദ്യകാലത്ത് സഭ കൂടിക്കൊണ്ടിരുന്നത്. പ്രത്യേകം ദൈവാലയം വേണമെന്ന ചിന്തതന്നെ വീട്ടിലെ സഭയിൽ കാണുന്നില്ല.

മനുഷ്യശരീരവും വിശ്വാസികളുടെ സംഘവും ദൈവത്തിന്റെ മന്ദിരങ്ങളാണെന്നു സ്ഥാപിച്ച ശക്തമായ ആദ്ധ്യാത്മിക വ്യാഖ്യാനം ഒരു ജീവിതശൈലിയുടെതന്നെ ആവിഷ്കാരമായിരുന്നു. കല്ലും തടിയുംകൊണ്ടു സൃഷ്ടിക്കുന്ന ബാഹ്യമായ കെട്ടിടങ്ങളിലല്ല, ആത്മാവിന്റെ ചൈതന്യം നിറഞ്ഞ മനുഷ്യശരീരങ്ങളാണു സത്യമായ ആരാധനാലയങ്ങൾ എന്ന പ്രബോധനം പിൽക്കാലത്ത് ക്രിസ്തീയ സഭകൾ കൂടുതൽ സ്ഥാപനവല്കരിക്കപ്പെട്ടപ്പോൾ വിസ്മൃതമായി.

വ്യവസ്ഥാപിതസഭകൾ ഏതെങ്കിലുമൊരു ശക്തമായ സംസ്കാരത്തിന്റെ ഭാഗമായാണു പള്ളികൾ പണിതു തുടങ്ങിയത്. റോമാസാമ്രാജ്യത്തിൽ ക്രിസ്തീയ സഭ ഔദ്യോഗിക മതമായതോടുകൂടി, അന്നു നിലവിലിരുന്ന പൊതുവക കെട്ടിടങ്ങൾ ചിലതു പള്ളികളായി രൂപാന്തരപ്പെട്ടു. ഉദാഹരണമായി റോമൻ കോടതികൾ കൂടുന്നതിനും മറ്റു പൊതുപരിപാടികൾ നടത്തുന്നതിനും സൗകര്യമായ വിധത്തിൽ പണിതിരുന്ന ബസിലിക്കകൾ (രാജാവിന്റേത്) ചിലതു ക്രിസ്തീയ ദൈവാലയങ്ങളായി മാറ്റപ്പെട്ടു. പിന്നീട് അതിന്റെ മാതൃകയിൽ വേറെ പള്ളികൾ പണിയപ്പെട്ടു. മദ്ധ്യകാലങ്ങളിൽ പണിത



വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് പള്ളി ‘ബസിലിക്കാ’ എന്നാണ് അറിയപ്പെട്ടിരുന്നത്.

ക്രിസ്തീയ പാരമ്പര്യത്തിലെയും ആധുനിക ലോകത്തിലെയും പ്രതീകങ്ങളും ചിഹ്നങ്ങളും മറ്റും ശില്പിയുടെ ഭാവനാശേഷിയോടും ചിലപ്പോൾ ഒരളവുവരെ ഭ്രാന്തമായ സങ്കൽപ്പങ്ങളോടും ഇടകലർത്തി സൃഷ്ടിച്ച ക്രിസ്തീയ ദൈവാലയ ശില്പങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലും കാണാം. പോർച്ചുഗീസ് കാലത്തും അതിനുശേഷവും പണിത പള്ളികൾ മിക്കവാറും എല്ലാംതന്നെ പോർച്ചുഗീസ്-സ്പാനിഷ് ബറോക്ക് ശൈലി അനുവർത്തിച്ചു. അതു വിദേശീയമാണെങ്കിൽപ്പോലും ചിരപരിചയം കൊണ്ട് ആ ശൈലി ജനഹൃദയങ്ങളിൽ പ്രതിഷ്ഠനേടി.

അങ്ങനെ അടിസ്ഥാനപരമായി ചിന്തിച്ചാൽ ആദിമ നൂറ്റാണ്ടിലെ സഭയുടെ മാതൃകപ്രകാരമോ, വേദപുസ്തകമനുശാസിക്കുന്ന പ്രകാരമോ അല്ല ഇന്നത്തെ പള്ളിയുടെ അവസ്ഥ എന്നു കാണാൻ ബുദ്ധിമുട്ടില്ല.

ക്രിസ്ത്യാനികൾക്ക് ആരാധിക്കുന്നതിനു നിശ്ചിതമായ ഒരു കെട്ടിടം ആവശ്യമില്ല എന്ന ആദിമ സഭയുടെ ധാരണ സൂചിപ്പിച്ചല്ലോ. ഓരോ വ്യക്തിയും ജീവനുള്ള കല്ലുകളായി ഒരുമിച്ചു ചേർന്ന്, ജീവൻ തുടിക്കുന്ന നിരന്തരം വളരുന്ന ആത്മീയ ഗൃഹമായി, പരിശുദ്ധാത്മാവിന്റെ മന്ദിരമായിത്തീരണം എന്നതാണ് അപ്പോസ്തലന്മാർ പഠിപ്പിച്ചത് (1 പത്രോസ് 2: 5). കെട്ടിടനിർമ്മാണത്തിന്റെ രൂപകാലങ്കാരമാണ് ഇവിടെ ഉപയോഗിക്കുന്നതെങ്കിലും ഭൗതികഘടനകളെ ആശ്രയിക്കാതെ, അവയെ അതിജീവിക്കുന്ന ആത്മിക തത്ത്വമുള്ളതുകൊണ്ട്, ദൈവാലയത്തിന്റെ ഭൗതികവും ബാഹ്യവുമായ രൂപത്തിന് ആദിമ ക്രിസ്തീയ സഭ യാതൊരു പ്രാധാന്യവും നൽകിയില്ല. പാരമ്പര്യം നിഷ്ക്കർഷിച്ചില്ല.

എല്ലാവർക്കും ആഴ്ചയിൽ ഒരിക്കലെങ്കിലും ഒരുമിച്ചു വന്നു ദൈവവചനം കേൾക്കുവാനും ദൈവത്തെ ആരാധിക്കുവാനും പരസ്പരം സ്നേഹവും സമാധാനവും നല്കുവാനും ആവശ്യമായ സൗകര്യങ്ങളുള്ള ഭൗതികസ്ഥലം ഉണ്ടായിരിക്കണം എന്നതാണു പ്രധാനം. ഏറ്റവും കുറച്ചു പറഞ്ഞാൽ ഒരു ഷെഡ് ആയാലും മതി.

ഇല്ലായ്മയുടെ അസംഘടിതാവസ്ഥയിൽനിന്ന് ദൈവത്തിന്റെ ആത്മാവ് ക്രമീകരിച്ചതാണ് സൃഷ്ടി. മനുഷ്യൻ ദൈവത്തിന്റെ തിരുവിഷ്ടവും കല്പനയും അനുസരിച്ച് അതിനു നാമരൂപങ്ങൾ നല്കാൻ വിളിക്കപ്പെട്ടവനാണ്. അതുകൊണ്ട് മനുഷ്യഭാവന അരാജകത്വത്തിലേക്ക് വഴിതെറ്റാൻ ഇടയാകരുത്.

യെരുശലേം ദൈവാലയത്തിൽ നിന്നുകൊണ്ട് ഇതെന്റെ പിതാവിന്റെ ഭവനമാകുന്നു. നിങ്ങളിതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർക്കുന്നു എന്നു പറഞ്ഞ യേശുവിന്റെ അതേ ആത്മാവിൽ, നാം നമ്മുടെ ദൈവാലയങ്ങളെ- നമ്മെത്തന്നെ ദൈവത്തിന്റെ തിരുനിവാസസ്ഥാനങ്ങളാക്കി രൂപാന്തരപ്പെടുത്തേണ്ടതാണ്.

പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് ആത്മാവിലും സത്യത്തിലും ദൈവത്തെ നമസ്കരിപ്പാൻ കഴിയുന്നതാണ് യഥാർത്ഥ ആരാധന എന്നു പുതിയനിയമം വ്യക്തമാക്കുന്നു (യോഹന്നാൻ 4:24).

## ശ്ലീഹന്മാരുടെ വിധിപ്രകാരമുള്ള 'ബസലിക്ക' ദൈവാലയം എന്ന നിലയിൽ സ്വീകാര്യമല്ലാത്തതിനു കാരണം?

Basileus എന്ന ഗ്രീക്കുപദത്തിനർത്ഥം രാജാവെന്നാണ്. Basilikos എന്ന നാമവിശേഷണത്തിന് രാജകീയം എന്നർത്ഥം. Basilike രാജകീയശാലയാണ്. ഏഥൻസിൽ രാജാവിന്റെ വകയായ പ്രസിദ്ധമായ ഒരു മുഖമണ്ഡപം ഉണ്ടായിരുന്നു. 184 ബി.സിയിൽ Portius Cato എന്ന റോമൻ പൗരൻ ഏഥൻസ് സന്ദർശിച്ചപ്പോൾ ഈ മനോഹരനിർമ്മിതിയിൽ ആകൃഷ്ടനായി. ഇതു കണ്ട് മനസ്സിലാക്കി റോമിൽ പോയി അതുപോലെയൊന്ന് പണികഴിപ്പിച്ച് Basilica Portia എന്ന് പേരിട്ടു. അഗസ്റ്റസ് ചക്രവർത്തിയുടെ കാലത്ത് പൊതുസമ്മേളനങ്ങൾക്കും നീതിന്യായ നടത്തിപ്പിനും മറ്റുമായി ഭീമാകാരങ്ങളായ അഞ്ചു ബെസലിക്കകൾ പണികഴിപ്പിച്ചിരുന്നു. മനോഹരങ്ങളായ ഈ കെട്ടിടങ്ങൾ വലിയ കൽതൂണുകളും കൊത്തുപണികളും ഇടനാഴിയും പൂമുഖങ്ങളും ഒരറ്റത്ത് അർത്ഥവൃത്താകൃതിയിലുള്ള വൻമുറിയുമൊക്കെയുള്ളവയായിരുന്നു.



ക്രിസ്തീയ ദൈവാലയങ്ങൾ പണിയാൻ തുടങ്ങിയപ്പോൾ ആവേശപൂർവ്വം ബെസലിക്കകളുടെ പ്ലാനുകൾ അനുകരിച്ചു. ശ്ലീഹന്മാരല്ല നാലാം നൂറ്റാണ്ടിൽ മനഃപരിവർത്തനം കൂടാതെ ക്രിസ്ത്യാനിയായി തീർന്ന കോൺസ്റ്റന്റേയിൻ ചക്രവർത്തിയാണ് റോമിൽ ബെസലിക്കകൾ പണികഴിപ്പിച്ചത്. ഒരു വ്യത്യാസം മാത്രം. നിർമ്മിതിയിൽ കുരിശിന്റെ ആകൃതി വരുത്തിയിരുന്നു. പിന്നീടവയ്ക്ക് മാർപാപ്പയാണ് മതവിധിപ്രകാരമുള്ള പദവി കല്പിച്ചുനല്കിയത്.

## പട്ടത്വം (പൗരോഹിത്യം) നിഷേധിക്കുന്നതിനുള്ള കാരണങ്ങൾ?

പട്ടം എന്ന സ്ഥാനചിഹ്നം പഴയനിയമത്തിൽ അഹരോന്യപുരോഹിതന്മാരോട് ബന്ധപ്പെട്ട ഒന്നാണ്. പട്ടത്വ സഭകളുടെ ആദ്യാചാര്യത്വം കൈക്കൊണ്ടു എന്നു തുടങ്ങുന്ന ഗീതത്തിൽ അഹരോൻ, മോശെ എന്നിവരിൽ നിന്ന് പട്ടത്വം ആരംഭിച്ചുവെന്നും അതിന്റെ തുടർച്ച കർത്താവിനും ശ്ലീഹന്മാർക്കും ശ്ലീഹന്മാരിൽ നിന്ന് മേൽപ്പട്ടക്കാർക്കും മേൽപ്പട്ടക്കാരിൽനിന്ന് ഇപ്പോഴത്തെ പട്ടക്കാർക്കും ലഭിച്ചുവെന്നും കാണുന്നു. മോശെ സ്ക്കറിയായ്ക്ക് ആചാര്യത്വം കൊടുത്തു എന്നു പറയുന്നതുതന്നെ തെറ്റാണ്. കാരണം മോശെയല്ല അഹരോനാണ് പുരോഹിതൻ. സെഖര്യാവ് യോഹന്നാൻ സ്നാപകന് കൈവപ്പ് കൊടുത്തു എന്നു പറയുന്നതും സത്യവിരുദ്ധമായ കാര്യമാണ്. യോഹന്നാനാകട്ടെ ഒരു പ്രവാചകനായിരുന്നു. അവൻ ദൈവാലയത്തിൽ ശുശ്രൂഷിച്ചിട്ടില്ല; അവന് പൗരോഹിത്യവസ്ത്രമില്ലായിരുന്നു. അവൻ ദൈവാലയത്തിലല്ല മരുഭൂമിയിലാണ് ദൈവശബ്ദം കേട്ടത്. കൂടാതെ ഹന്നാവും കയ്യാഫാവും മഹാപുരോഹിതന്മാരായിരിക്കുന്ന സമയത്താണ് യോഹന്നാന് അരുളപ്പാടുണ്ടായത്. അതുപോലെ യോഹന്നാൻ കർത്താവിന് പട്ടം കൊടുത്തു എന്നു പറയുന്നതും തെറ്റാണ്. യോഹന്നാൻ നൽകിയത് സ്നാനമാണ്. വെളിച്ചത്തെ ഇരുളാക്കുന്നതിനു സമമാണ് സ്നാനത്തെ പട്ടംകൊടുക്കലാക്കി മാറ്റുന്നത്. സത്യത്തിൽ പുതിയനിയമസഭയിൽ പട്ടത്വമില്ല.

പഴയനിയമ പുരോഹിതന്മാരെല്ലാം ലേവിഗോത്രക്കാരാണ്. കർത്താവിന്റെ പൗരോഹിത്യം ലേവിപൗരോഹിത്യമല്ല മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ളതാണ്. മാനുഷികമായ ആരംഭമോ അവസാനമോ ഇല്ലാത്തത്. കർത്താവിന്റെയും

ശ്ലീഹന്മാരുടെയും യെഹൂദാ വേഷങ്ങളായിരുന്നു. ക്രിസ്തീയ ശുശ്രൂഷകന്മാർക്ക് പുരോഹിതൻ എന്നർത്ഥംവരുന്ന ഒരു പദംപോലും ബൈബിളിൽ ഇല്ല. പരിശുദ്ധപിതാവ്, തിരുമേനി തുടങ്ങിയ വിളികളും സിംഹാസനവും ഒന്നും ദൈവവചന ത്തിലുള്ളതല്ല. ഒരു ക്രിസ്ത്യാനി ഒരേസമയം രാജാവും പുരോഹിതനുമാണ് (1 പത്രോസ് 2: 9; വെളിപ്പാട് 1: 6) യഥാർത്ഥ ക്രിസ്ത്യാനി പുരോഹിതനാണെങ്കിൽ പിന്നെ പള്ളിയിലെ പ്രത്യേക പുരോഹിതന് എന്ത് പ്രസക്തി.

### പട്ടക്കാർക്ക് പാപമോചന അധികാരമുണ്ടോ?

വേദപുസ്തകം പരിശോധിച്ചാൽ അപ്പോസ്തലന്മാർപോലും പാപം മോചിക്കയല്ല അതിനുള്ള വഴി ചൂണ്ടി കാണിക്കുകയാണ് ചെയ്യുന്നത്. 2 കൊരി. 5: 20. വ്യക്തികളെ ദൈവത്തോട് നിരപ്പിക്കയല്ല, നിരന്നുകൊൾവാൻ വഴിപറയുകയാണ് ചെയ്യുന്നത്. പ്രവർത്തി 8: 18-24 വായിച്ചാൽ വഷളത്വം വിട്ട് മാനസാന്തരപ്പെട്ട് കർത്താവിനോട് പ്രാർത്ഥിക്കാനാണ് അപ്പോസ്തലൻ ആഹ്വാനം ചെയ്യുന്നത്. വ്യക്തി നേരിട്ട് പാപമോചനം ദൈവത്തിൽനിന്ന് പ്രാപിക്കേണ്ടതാണ്.

### പട്ടത്വസഭക്കാർക്ക് ഒരിക്കലും പാപമോചനം ലഭിക്കുന്നില്ല എന്നു പറയാൻ കാരണം?

മാമോദീസയാൽ പാപമോചനം കിട്ടുമെന്ന് പറയുന്നവർ പിന്നീടു പറയുന്നത് കുമ്പസാരത്താൽ കിട്ടുമെന്നാണ്. കുമ്പസാരിച്ച വ്യക്തി കുർബാന കൈക്കൊള്ളാൻ ചെല്ലുമ്പോൾ പറയുന്നത് പാപങ്ങളുടെ മോചനത്തിന് ഇത് നൽകുന്നു എന്നാണ്. അപ്പോൾ മാമോദീസായാലും കുമ്പസാരത്താലും പാപമോചനം കിട്ടിയില്ലായെന്നു വ്യക്തമാകുന്നു. ആദിയോടന്തം പാപങ്ങൾ ക്ഷമിച്ച് അന്ത്യകൂദാശയും നൽകിയിരിക്കുന്ന വ്യക്തി മരിച്ചാൽ പ്രാർത്ഥനകൾ മുഴുവനും പാപങ്ങൾ ക്ഷമിക്കണമേ എന്നാണ്. ചാത്തകുർബാന ചൊല്ലുമ്പോഴും അപേക്ഷിക്കുന്നത് പാപമോച നമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒരു ശുശ്രൂഷയിലൂടെയും പാപമോചനം ലഭിച്ചിട്ടില്ലന്നാണ്.



### മധ്യസ്ഥപ്രാർത്ഥനയ്ക്ക് പ്രസക്തിയുണ്ടോ?

ശ്ലീഹന്മാർ വിശ്വാസികൾക്കായി പ്രാർത്ഥിക്കുകയും അവരുടെ പ്രാർത്ഥന തങ്ങൾക്കുവേണ്ടി ചോദിക്കുന്നതായും കാണുവാൻ കഴിയും. എഫെസ്യർ 6:18-20 ഇവിടെ അന്യോന്യം മധ്യസ്ഥത വഹിക്കുന്നു. എന്നാൽ യേശു നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന യേശുവിനുവേണ്ടി നാം പ്രാർത്ഥിക്കേണ്ടതില്ല.

### മധ്യസ്ഥന്മാരെ ആശ്രയിക്കുന്നതിലെ അപകടം എന്താണ്?

ഇത് മറ്റ് സംസ്കാരങ്ങളിൽനിന്ന് കടം എടുത്തിട്ടുള്ളതാണ്. ടിബറ്റിൽ ബുദ്ധമതക്ഷേത്രങ്ങളിൽ ഇത്തരം ആരാധന നടക്കുന്നുണ്ട്. ഈജിപ്തിലും ഇതേ കർമ്മങ്ങൾ നടന്നുവന്നിരുന്നു. പൊസെനിയാസും ഹോമറും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. (Pansanias, lid VIII Areadica cap 607 and Homers Ilend Book VI Pope's translation PP 446, 468). വിശുദ്ധ പൗലോസ് തിമോഥെയോസിനെഴുതിയ ഒന്നാം ലേഖനം 5-ാം വാക്യത്തിൽ ഒരു ദൈവമേയുള്ളു ദൈവത്തിനും മനുഷ്യനും മധ്യസ്ഥനായി ഒരു വനേയുള്ളൂ. അത് യേശുക്രിസ്തുവാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനു വിപരീതമായി മധ്യസ്ഥന്മാരെ വിശ്വസിച്ചും ആശ്രയിച്ചും നടന്നാൽ മരണാനന്തരം ഇവരാരും രക്ഷിക്കാൻ കൂടെ ഉണ്ടാവില്ല. ശവമടക്കിനു മുമ്പ് പാടുന്ന "വിലപിക്കരുതേ മരണത്തിൽ" എന്നുതുടങ്ങുന്ന പാട്ടിൽ ദൃഢമായ വിശ്വാസം യേശുവിൽ അർപ്പിച്ചിരുന്നെങ്കിൽ അന്തിമദിവസം അവൻ നമ്മെ ഉയിർപ്പിക്കും എന്നുള്ളത് പാടി കേൾപ്പിക്കാനുള്ളതല്ല അറിഞ്ഞു ജീവിക്കാനുള്ളതാണ്.

### അജ്ഞതകൊണ്ടല്ലേ പട്ടത്വത്തേയും പട്ടക്കാരേയും (പുരോഹിതർ) വിമർശിക്കുന്നത്?

### പുരോഹിതനെ ഒഴിവാക്കി ദൈവമുമ്പാകെ നിൽക്കാൻ വിശ്വാസിക്ക് എന്തു യോഗ്യതയാണുള്ളത്?

### അഭിഷിക്തനായ പുരോഹിതനെ ഒഴിവാക്കി നേരിട്ട് ദൈവത്തെ സമീ പിച്ച് നീതീകരിക്കപ്പെടാൻ കഴിയുന്നതെങ്ങനെ?

യഹൂദസഭയിൽ മാത്രം ഒതുങ്ങിനില്ക്കുവാൻ ദൈവം കല്പി ച്ചുകൊടുത്ത അഹരോന്യപുരോഹിതന്റെ അധികാരചിഹ്നമാണ്

പട്ടം. രാജാക്കന്മാരും ഈ സ്ഥാനപദവി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ക്രിസ്തീയ സഭയിൽ പട്ടം എന്നൊരു പദവിയില്ല. ദൈവവചനത്തിൽ അതിന്റെ സൂചനയുമില്ല. പുതിയ നിയമത്തിൽ ഈ പ്രത്യേക ശുശ്രൂഷയുടെ പേരായി എബ്രായ ഭാഷയിൽ 'ഹൈറിയസ്' എന്നോ ഗ്രീക്കിൽ 'സാസർദോസ്' എന്ന പ്രയോഗമോ ഇല്ല. പട്ടക്കാരൻ പുരോഹിതനാണെന്നു പറയാറുണ്ട്.

പുതിയനിയമസഭയിൽ പൗരോഹിത്യശുശ്രൂഷയല്ല, പരിപാലനശുശ്രൂഷയാണുള്ളത്. സഭയാകുന്ന ദൈവാലയം വന്നതോടുകൂടി അക്ഷരികദേവാലയം നശിച്ചു. യേശുവിന്റെ ആദ്യന്തമില്ലാത്ത പൗരോഹിത്യം വെളിപ്പെട്ടപ്പോൾ കൈയ്യാഫാവ് സ്വയം പൗരോഹിത്യവസ്ത്രം കീറി. ക്രിസ്തുവിന്റെ പാപപരിഹാരയാഗത്താൽ മനുഷ്യനേയും ദൈവത്തേയും തമ്മിലകറ്റിയിരുന്ന വൻമതിൽ തകർന്നു. അതുകൊണ്ടാണ് യേശുവിന്റെ മരണസമയത്ത് ആലയത്തിലെ തിരശ്ശീല കീറിയത്. ഇവിടെ മനസ്സിലാക്കേണ്ട പ്രധാന കാര്യം അഹരോന്യപൗരോഹിത്യത്തിന്റെ തുടർച്ചയല്ല യേശുവിന്റെ പൗരോഹിത്യം. അത് മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള ആദ്യാന്തമില്ലാത്ത നിത്യപൗരോഹിത്യമാണ്. യേശുവിന് ഇത് ആരെങ്കിലും നൽകിയതല്ല, താൻ അത് ആർക്കും കൊടുത്തിട്ടുമില്ല.

അയോഗ്യതനിമിത്തം ദൈവത്തെ അഭിമുഖീകരിക്കാൻ കഴിയാത്ത ഒരു വ്യക്തിക്കുവേണ്ടി യോഗ്യനായ ഒരു മദ്ധ്യസ്ഥൻ ആ വ്യക്തിക്കുമുമ്പിൽ നിന്നുകൊണ്ട് പക്ഷവാദം ചെയ്യുന്ന ആശയമാണ് പൗരോഹിത്യത്തിനുള്ളത്. എന്നാൽ യേശു ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചപ്പോൾ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു വിളിക്കാനാണ് പഠിപ്പിച്ചത്. ദൈവത്തെ ഭയങ്കരനായ ദൈവമായിട്ടല്ല സ്വന്തം പിതാവിന്റെ സ്ഥാനത്ത് അടുത്തുചെന്ന് ആവശ്യങ്ങൾ പറയുവാനുള്ള വഴിയാണ് യേശു കാട്ടിത്തന്നത്. വിശ്വാസത്താൽ വീണ്ടും ജനിച്ച് ദൈവമക്കളായവർക്ക് ദൈവത്തെ നേരിട്ട് സമീപിക്കാം(യാക്കോ. 4:8). അപ്പന്റേയും മകന്റേയും ഇടയിൽ ഒരു പുരോഹിതന്റെ ആവശ്യം ഇല്ലല്ലോ. ആണ്ടിൽ ഒരിക്കൽ മഹാപുരോഹിതൻ വിറയ്ക്കുന്ന കാലുകളുമായി അടുത്തു ചെല്ലേണ്ടിയിരുന്ന സ്ഥാനത്ത് ക്രിസ്തുവിശ്വാസിക്ക് ഏതുസമയത്തും അതിധൈര്യത്തോടെ അടുത്തുചെല്ലാനുള്ള അവകാശമാണ് യേശു നല്കിയത്



എന്ന് പുതിയനിയമം വ്യക്തമാക്കുന്നു. മുടിയൻപുത്രൻ അപ്പനുമായി നിരപ്പു പ്രാപിക്കുന്നതിന്റെയിടയിൽ ഒരു മദ്ധ്യസ്ഥനെയും നാം കാണുന്നില്ലല്ലോ.

## മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തതെന്തുകൊണ്ട്?

പട്ടത്വസഭകൾ ദൈവം മറിയമിൽനിന്ന് ജന്മമെടുത്തു എന്ന് പഠിപ്പിക്കുമ്പോൾ വിശുദ്ധ വേദപുസ്തകം പറയുന്നത് വചനം ജഡമായിത്തീർന്നു എന്നാണ് (യോഹ. 1: 14). അബ്രഹാം ജനിക്കുന്നതിനു മുൻപേ ഞാനുണ്ടായിരുന്നു എന്ന് യേശു പറഞ്ഞിട്ടുണ്ട് (യോഹ. 8: 58, ലൂക്കോ. 1: 54). ആദിയിൽ വചനമുണ്ടായിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി എന്ന് യേശുവിനെപ്പറ്റി വചനത്തിൽനിന്ന് വായിക്കുന്ന ഒരു വ്യക്തിക്ക് മറിയമിനെ ദൈവമാതാവായി കാണാൻ കഴിയുമോ.

### അമ്മഭക്തിയുടെ മനഃശാസ്ത്രം

അനേകരുടെ അന്തരംഗങ്ങളിൽ അടിയുറച്ച അമ്മഭക്തി കാണപ്പെടുന്നു എന്നുള്ളത് നാം കണ്ടുവരുന്ന ഒരു യാഥാർത്ഥ്യമാണ്. പെറ്റമ്മയിലുള്ള വിശ്വാസവും ആശ്രയവും അമ്മയോടുള്ള സ്നേഹവും ബഹുമാനവും മനുഷ്യപ്രകൃതിയിൽ പെടുന്ന ഒന്നാണ്. തൊണ്ണൂറു വയസ്സുള്ള അപ്പൂപ്പനായാലും ശരി ഒരു അതിവേദന വരുമ്പോൾ 'എന്റെ അമ്മോ' എന്ന് അറിയാതെ പറഞ്ഞുപോവുക സാധാരണമാണ്. അയാളുടെ അമ്മ മരിച്ചിട്ട് അനേക വർഷങ്ങളായിക്കാണും. എന്നാലും ആ ഓർമ്മ അന്തരംഗത്തിൽ കുടികൊള്ളുകയാണ്. ആകയാൽ നമുക്കു ചുറ്റും നാം കാണുന്ന വിവിധ തരത്തിലുള്ള അമ്മഭക്തികൾ ഈ മനുഷ്യ പ്രകൃതത്തിൽനിന്ന് ഉളവായതാണ് എന്ന് വിചാരിക്കാം.

### അമ്മഭക്തിയുടെ ചരിത്രം

ഇസ്രായേൽ ഏകദൈവത്തെ മാത്രം ആരാധിച്ചുവന്നവരാണ്. എന്നാൽ പിൽക്കാലങ്ങളിൽ അവർ ചുറ്റുമുള്ള ജാതികളിൽ നിന്ന് പല ദുരുപദേശങ്ങളും പകർന്നെടുത്തു. അവരിൽ വളരെപ്പേർ വിഗ്രഹങ്ങളെ ഉണ്ടാക്കി ആരാധിക്കുകയും ആകാശരാജ്ഞിയെ ഒരു പ്രധാന ദേവതയായി അംഗീകരിക്കുകയും ചെയ്തു. അവർ ആകാശരാജ്ഞിക്ക് ധൂപം കാട്ടുകയും പാനീയ ബലി പകരുകയും, അവളുടെ രൂപത്തിൽ അട ഉണ്ടാക്കുകയും ചെയ്തുവന്നു. ഏക

ദൈവമായ സത്യദൈവത്തെ അല്ലാതെ മറ്റൊന്നിനെയും ആരാധിക്കരുത് എന്ന ദൈവകല്പന അവർ നിരസിച്ച് അന്യ ദേവീ ദേവന്മാരെ ആരാധിച്ചതുകൊണ്ട് ദൈവവും അവരെ ഉപേക്ഷിച്ചു. തൽഫലമായി എ.ഡി. 70 ൽ തീത്തോസ് എന്ന റോമൻ ഗവർണർ യെരൂശലേം പട്ടണവും ദൈവാലയവും തീവച്ചു നശിപ്പിച്ചു. പത്തു ലക്ഷം യഹൂദന്മാർ കൊല്ലപ്പെട്ടു. തൊണ്ണൂറ്റേഴായിരം പേരെ അടിമകളാക്കി റോമിലേക്ക് കൊണ്ടുപോയി. എ.ഡി.135 ൽ ഹാഡ്രിയൻ ചക്രവർത്തി ഇസ്രായേല്യരെ പൂർണ്ണമായി തുരത്തി. ദൈവാലയത്തിന്റെ അടിത്തറപോലും ഉഴുതുമറിച്ചു. സത്യ ദൈവത്തെ തള്ളിപ്പറഞ്ഞതിന്റെ ശിക്ഷ ഇന്നയോളം ഇസ്രായേല്യ സന്തതികൾ അനുഭവിച്ചുവരുന്നു.

ആദിമ ക്രിസ്തീയ സഭ ദൈവത്തെ മാത്രമേ ആരാധിച്ചിരുന്നുള്ളു. ദൈവത്തെ അല്ലാതെ മറ്റൊന്നിനേയും ആരാധിക്കരുത് എന്നു ക്രിസ്തു വ്യക്തമായി പഠിപ്പിച്ചു. എങ്കിലും പിൽക്കാലങ്ങളിൽ സഭകളിൽ അന്ധത കടന്നു കൂടി. എല്ലാവരിലും ഉറങ്ങിക്കിടന്ന അമ്മഭക്തി ഉണർന്നു. ബാബിലോണിയാ, ഗ്രീക്ക്, റോമാ മുതലായ സംസ്കാരങ്ങളിൽ ദേവിമാർക്കു വളരെ പ്രാധാന്യമുണ്ടായിരുന്നു. അങ്ങനെ റോമാസാമ്രാജ്യത്തിൽനിന്ന് ഉടലെടുത്ത കത്തോലിക്കാ മതം അമ്മയെ പുനഃസൃഷ്ടിച്ച് ആരാധിക്കുന്നതിൽ വ്യഗ്രതകാട്ടി.

**അത്ഭുതങ്ങളല്ല അളവുകോൽ**

അമ്മയുടെ നാമത്തിൽ ധാരാളം അത്ഭുതങ്ങൾ നടക്കുന്നുണ്ടാവാം. എന്നാൽ ഒരു വസ്തുത നാം അറിയണം. അതിശയങ്ങളെ അടിസ്ഥാനമാക്കിയല്ല ഒരു കാര്യം ദൈവികമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത്. അതിശയങ്ങളാണ് അളവുകോൽ എങ്കിൽ മിസ്രയീമിലെ ഫറവോന്റെ മന്ത്രവാദികളും അതിശയങ്ങൾ പ്രവർത്തിച്ചു എന്നുള്ള കാര്യം ഓർക്കണം. എത്രയോ ദേവീ ദേവന്മാരുടെ നാമത്തിൽ എന്തെല്ലാം അത്ഭുതങ്ങൾ നടക്കുന്നു.

'വീണ്' എന്നെ നമസ്കരിച്ചാൽ ഇതൊക്കയും നിനക്കു തരാം എന്ന് സാത്താൻ: 'യേശുവിനോട് പറഞ്ഞു. യേശു അവനോട് സാത്താനേ, എന്നെ വിട്ടുപോ; നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ' എന്നു പറഞ്ഞു (മത്താ. 38: 8-10).



മറ്റൊന്നിനേയും വണങ്ങരുതെന്ന് കർത്താവു പഠിപ്പിച്ചു. എന്നിട്ടും ഭക്തിപാരവശ്യം മൂത്ത് മൂത്ത് മാതാവിനേയും വിശുദ്ധരേയും അവരുടെ എല്ല്, പല്ല് മുതലായ ശേഷിപ്പുകളേയും വണങ്ങുകയാണ്!

ദാവീദ് പാടി, ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ. അന്യദേവനെ കൈക്കൊള്ളുന്നവരുടെ വേദനകൾ വർദ്ധിക്കും (സങ്കീ. 16:3-4). വിശുദ്ധന്മാരെ ശ്രേഷ്ഠന്മാരായി ബഹുമാനിക്കണം. പക്ഷെ അവരെ വണങ്ങുന്നത് അന്യദേവന്മാരെ വണങ്ങുന്നതിനു തുല്യമാണ്.

**മദ്ധ്യസ്ഥൻ മാതാവല്ല**

ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നെ (1 തിമൊ. 2: 5-6). എന്തു കാരണത്താലാണ് ക്രിസ്തുയേശുവിനെ മദ്ധ്യസ്ഥ സ്ഥാനത്തുനിന്നു നീക്കി തൽസ്ഥാനത്ത് മറിയയെ പ്രതിഷ്ഠിച്ചത്? ഒരു പുരുഷനെക്കാൾ കരുണ സ്ത്രീക്ക് ആയതിനാൽ മദ്ധ്യസ്ഥത ഒരു സ്ത്രീയെ ഏൽപ്പിക്കാമെന്ന് റോമാ സഭ കരുതിയോ? ഈ പിരിച്ചുവിടീലും പകര നിയമനവും ദൈവം അംഗീകരിക്കുന്നില്ല. അതു വചന വിരുദ്ധമാണ്. മഹാപാപമാണ്. മാതാവിനെ മദ്ധ്യസ്ഥത ചൊല്ലി പ്രത്യക്ഷത നോക്കിയിരുന്നാൽ യേശുകർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ ലജ്ജിക്കേണ്ടതായി വരും.

യേശുവിന്റെ അമ്മയെക്കുറിച്ച് യേശുവിനില്ലാതിരുന്ന ഉത്ക്കണ്ഠയാണ് യേശുവിനെ വേണ്ടാത്ത ചില സമുദായങ്ങൾക്ക്. യേശു ഒരിക്കലും അമ്മയെ വിശുദ്ധ അമ്മയെന്നോ, എന്തിന് അമ്മയെന്നുപോലും വിളിച്ചിട്ടില്ല. അത് മറിയം യേശുക്രിസ്തുവിനെ ഉദരത്തിൽ വഹിച്ച് പ്രസവിച്ച അമ്മയല്ലാത്തതുകൊണ്ടല്ല മനുഷ്യർക്കുവേണ്ടി ദൈവം ഒരുക്കിയ രക്ഷാപദ്ധതി യേശുക്രിസ്തു മാത്രമായിരുന്നു. യേശുവിലൂടെയുള്ള രക്ഷയെക്കുറിച്ച് മാത്രമേ ദൈവവചനം സംസാരിക്കുന്നുള്ളു. ഏക രക്ഷകനായ യേശുക്രിസ്തുവിൽനിന്നും മനുഷ്യരുടെ ശ്രദ്ധയെ ഭാവിയിൽ അമ്മയിലേക്ക് തിരിക്കുവാൻ സാത്താൻ ശ്രമിക്കുമ്പോൾ ദൈവവചനം അതിനു സാക്ഷ്യമായി ഉപയോഗിക്കപ്പെടാതിരിക്കു

വാനാണ് അമ്മ എന്ന പദം യേശുക്രിസ്തു ഉപയോഗിക്കാതിരുന്നത്. മരണസമയത്തുപോലും കുരിശിൻ ചുവട്ടിൽ നിന്ന അമ്മയെ സംരക്ഷിക്കേണ്ടതിന് തന്റെ പ്രിയ ശിഷ്യനായിരുന്ന യോഹന്നാനെ ഏൽപ്പിക്കുന്നതായല്ലേ നാം വായിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 19-ാം അദ്ധ്യായം 26, 27 വാക്യങ്ങൾ വായിക്കുക. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചുവെന്നല്ലെ എഴുതിയിരിക്കുന്നത്. മറിച്ച് അമ്മയുടെ ഭവനത്തിൽ ശിഷ്യനെ സ്വീകരിച്ചുവെന്നാണ് എഴുതിയിരുന്ന തെങ്കിൽ അമ്മയെ വച്ച് മുതലെടുപ്പ് നടത്തുന്നവർ പഠിപ്പിക്കുന്നത് ശരിയാകുമായിരുന്നു. യേശുക്രിസ്തുവിന്റെ ഭൂമിയിലെ പ്രധാന ശുശ്രൂഷയായിരുന്ന അന്ത്യത്താഴത്തിന് അമ്മയുടെ സാന്നിദ്ധ്യമു ണ്ടായിരുന്നില്ല. അതിലുമുപരി ഉയിർത്തെഴുന്നേറ്റിട്ട് അമ്മയെ കാണുവാൻ പോകുകയോ എന്തെങ്കിലും പറയുകയോ ചെയ്തിട്ടില്ല. ബൈബിൾ വായിച്ച ഒരു വ്യക്തിയും മറിയത്തെ ഒരിക്കലും നിന്ദിക്കയില്ല. ദൈവം നൽകിയ പദവിയേക്കാൾ അധികമായ തൊന്നും കർത്താവിന്റെ ആ ദാസി ആഗ്രഹിക്കു കയോ അവകാശപ്പെടുകയോ ഇല്ല. നമ്മൾ അമ്മയ്ക്ക് കൂടുതലാ യൊന്നും കൊടുക്കുകയും വേണ്ട.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക ദൈവം മാത്രമാകുന്നു പരിശുദ്ധൻ" എന്ന് വിളിച്ചു പറഞ്ഞതിനു ശേഷം "പരിശുദ്ധമറിയമേ, തമ്പുരാന്റെ അമ്മേ" എന്നു വിളിക്കുന്നതാണ് ദൈവനിന്ദ. കാനായിലെ വിവാഹവീട്ടിൽ വച്ച് അവൻ നിങ്ങളോടു പറയുന്നതുചെയ്യുവിൻ എന്ന് താൻ മനുഷ്യവർഗ്ഗത്തിനു നൽകിയ ഒരേയൊരു പ്രബോധനം പറഞ്ഞ അമ്മയെ പിന്നീടു കാണുന്നത് കുരിശിൻ ചുവട്ടിലായിരുന്നു. ഇതിനിടയ്ക്ക് ചില സ്ഥലങ്ങളിലെ മീറ്റിംഗുകൾക്കിടയിൽ നിന്റെ അമ്മയും സഹോദരീസഹോദരന്മാരും വന്നിരിക്കുന്നു എന്ന് ജനങ്ങൾ പറഞ്ഞപ്പോഴെല്ലാം യേശു പറഞ്ഞകാര്യം വളരെ പ്രാധാന്യമുള്ളതാണ്. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും എന്നാണല്ലോ അവിടുന്ന് പറഞ്ഞത്. മത്തായി 12 ന്റെ 46 മുതൽ 50വരെയും, മർക്കോസ് 3 ന്റെ 31 മുതൽ 35വരെയും, ലൂക്കോസ് 8 ന്റെ 19 മുതൽ 21 വരെയും വാക്യങ്ങളിൽ ഇക്കാര്യം വായിക്കാം.



അമ്മ എന്തെങ്കിലും സുവിശേഷവേല ചെയ്തതായിട്ടോ ആരെയെങ്കിലും സൗഖ്യമാക്കിയതായോ കാണുന്നില്ലല്ലോ?

**മരിയൻ ദൈവശാസ്ത്രം**

യേശുക്രിസ്തു ദൈവം. സഭ ക്രിസ്തുവിന്റെ മണവാട്ടി. മേരി ദൈവത്തിന്റെ അമ്മ. മേരി സഭയുടെ അമ്മായിയമ്മ. സഭ മേരിയുടെ മരുമകൾ. ഈ വിശ്വാസം ക്രൈസ്തവമെന്ന് തോന്നുന്നുവോ? മേരിയെ ആര് സൃഷ്ടിച്ചു? തന്നെ ഉണ്ടായതോ? ദൈവം സൃഷ്ടിച്ചതോ? ദൈവം സൃഷ്ടിച്ചതാണെങ്കിൽ, ദൈവത്തിന്റെ അമ്മയാകുന്നതെങ്ങനെ?

പലരും ചോദിക്കാറുണ്ട്; "അമ്മയില്ലാതെ മകൻ എങ്ങനെ ഉണ്ടാകും?'' അതിനാൽ മറിയ ദൈവത്തിന്റെ അമ്മയാണ്. അങ്ങനെയെങ്കിൽ ദൈവം മറിയയുടെ മകനാണ് ! മറിയ ദൈവത്തെ സൃഷ്ടിച്ചോ? അതോ ദൈവം മറിയയെ സൃഷ്ടിച്ചോ? മരിയൻ ശാസ്ത്രം രൂപപ്പെടുത്തിയവർ തന്നെ ഇതിനു മറുപടി പറയട്ടെ. പിതാവായ ദൈവം ബഹുമാനിച്ച അനേക വിശ്വാസ വീരന്മാരുണ്ട്. ഹാനോക്, നോഹ, അബ്രഹാം, മോശെ, പത്രോസ്, യോഹന്നാൻ എന്നിങ്ങനെയുള്ള വിശിഷ്ടന്മാർ. ദൈവം ഇവരോട് നേരിട്ട് സംസാരിക്കുകയും പല കാര്യങ്ങൾ ചെയ്യിക്കുകയും ചെയ്തിരുന്നു. പിതാവായ ദൈവം മറിയമിനോട് സംസാരിച്ചപ്പോൾ ഒരു ദൂതൻ മുഖാന്തിരമാണ് സംസാരിച്ചത്. മനുഷ്യാവതാരത്തിനു താൻ അവളെ ഒരു പാത്രമായി എടുത്തു എന്നല്ലാതെ ഒരു കാര്യത്തിലും അവളോട് ആലോചന ചോദിക്കുകയോ മറ്റേതെങ്കിലും ഒരു കാര്യം ചെയ്യിക്കുകയോ ചെയ്തില്ല.

അമ്മ മറിയയെ ലോകർ വാഴ്ത്തും എന്ന് അമ്മ സ്വയമായി പറഞ്ഞതല്ലാതെ, യേശു ഒരിക്കൽപോലും ആരോടും അമ്മയെ വാഴ്ത്തേണമേ എന്നു പറഞ്ഞില്ല. മറിച്ച് അവളെ അമ്മ എന്നു വിളിക്കുന്നതിനു പകരം വെറും സ്ത്രീ എന്ന പദമാണ് ഉപയോഗി ച്ചത്. മറിയ ശിഷ്യന്മാരോടൊപ്പം എന്തെങ്കിലും ശുശ്രൂഷയോ അത്ഭുതങ്ങളോ പ്രവർത്തിച്ചതായും പുതിയനിയമത്തിൽ കാണാൻ കഴിയുന്നില്ല. ഇന്ന് ലോകർ ആരാധിക്കുന്ന വിധത്തിൽ നാമെല്ലാം അമ്മയെ ആരാധിക്കണമെന്ന് കർത്താവ് ആഗ്രഹിച്ചിരുന്നെങ്കിൽ കർത്താവോ അപ്പോസ്തലന്മാരിൽ ആരെങ്കിലുമോ അത്

വ്യക്തമായി നമ്മോട് പറയുമായിരുന്നു. അപ്പൊസ്തലന്മാർ അത് ചെയ്തുകാണിക്കുമായിരുന്നു. പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ കർത്താവ് “സ്വർഗ്ഗസ്ഥനായ പിതാവേ”, എന്നു തുടങ്ങി “രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളവ” എന്നവസാനിപ്പിക്കുകയല്ലാതെ മാതാവ് എന്ന ഒരു വാക്കോ വിചാരമോ അതിൽ പ്രകടിപ്പിച്ചില്ല. ഈ പ്രസ്താവനകൾ കേൾക്കുമ്പോൾ അരിശം കൊള്ളുന്നതിനു പകരം സമചിത്തതയോടുകൂടെ സത്യത്തെ തിരഞ്ഞു കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നതാണ് ശ്രേഷ്ഠം. മറിയഭക്തർ വേദപുസ്തകത്തിൽ മറിയയെക്കുറിച്ച് എന്ത് പറഞ്ഞിരിക്കുന്നു എന്ന് പഠിക്കുകയാണ് വേണ്ടത്. അന്ധകാരത്തിലേക്ക് നയിക്കുന്ന അമ്മഭക്തിയുടെ പിന്നിലെ അന്ധകാര രാജാവിനെ തിരിച്ചറിഞ്ഞും മനംതിരിഞ്ഞും ക്രിസ്തുവിനെയും താൻ പഠിപ്പിച്ച സത്യങ്ങളേയും അനുസരിക്കുക. എന്നാൽ ശിക്ഷാവിധിയിൽ അകപ്പെടാതെ നിത്യജീവനിൽ പ്രവേശിക്കാം.

**കന്യാമറിയത്തിന്റെ ജപമാലചൊല്ലാനുള്ള ആഹ്വാനം നിരസി ക്കുന്നത് എന്തുകൊണ്ട്?**

ഇത് വിശ്വാസയോഗ്യമായകാര്യമല്ല. യേശു പറഞ്ഞത് ചെയ്യുവിൻ എന്നു പറഞ്ഞ മറിയം എല്ലാവരും യേശുവിങ്കലേക്ക് തിരിഞ്ഞ് രക്ഷ പ്രാപിക്കുവിൻ എന്നല്ലാതെ തന്നെ സ്തുതിക്കുവാൻ ആവശ്യപ്പെടുമോ (യോഹ. 2:5). യേശുക്രിസ്തു മൽക്കിസദേക്കിന്റെ ക്രമപ്രകാരം എന്നേക്കും പുരോഹിതനാകുന്നു എന്നാണ് എബ്രാ. 7:17 വ്യക്തമാക്കുന്നത്. അവന് മാതാവോ പിതാവോ വംശ പാരമ്പര്യമോ ഇല്ലാ എന്നും വ്യക്തമാക്കുന്നു (എബ്രാ. 7:3). യേശു ദൈവമാണെന്നും മൽക്കിസദേക്കിന്റ ക്രമപ്രകാരം പുരോഹിതനാണെന്നും ദൈവവചനം പ്രഖ്യാപിക്കുമ്പോൾ ദൈവമാതാവായി പ്രത്യക്ഷപ്പെട്ട് ആരാധന ആവശ്യപ്പെടുന്നത് ആരാണെന്ന് തിരിച്ചറിയാൻ ഉത്സാഹിക്കുക.

**പാപരഹിതയും നിത്യകന്യകയും ദ്രവത്വം സംഭവിക്കാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട മറിയമിനെ ആരാധിക്കാതിരിക്കുന്നത് പാപമല്ലേ?**

മറിയ പാപരഹിതയും നിത്യകന്യകയും ദ്രവത്വം സംഭവിക്കാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടവളുമാണെന്ന വാദത്തിന് യാതൊരടിസ്ഥാനവുമില്ല. ഗ്രീക്കിൽ രചിക്കപ്പെട്ട പ്രോട്ടോ



എവാൻഗെലിയം എന്ന ചരിത്രയാഥാർത്ഥ്യമില്ലാത്ത സങ്കല്പ സൃഷ്ടിയാണിതിനാധാരം. 1439-ൽ പ്രചാരത്തിലായ ഈ ഗ്രന്ഥത്തിലെ ഐതിഹ്യത്തിന് 1483-ൽ പോപ്പിന്റെ അംഗീകാരം ലഭിച്ചതോടെ ഇതു കത്തോലിക്കരുടേയും, ഓർത്തഡോക്സ് സഭയുടെയും ഉപദേശത്തിൽ ഉൾപ്പെടുത്തി. എന്നാൽ പുതിയനിയമം ഈ പ്രസ്താവനകളോടോ ഉപദേശങ്ങളോടോ യോജിക്കുന്നില്ല.

യേശു മറിയയുടെ മൂത്തമകൻ ആയിരുന്നെന്നും (ലൂക്കേ.2:7) യേശുവിന്റെ ജനനം വരെ മാത്രമാണ് യോസഫും മറിയയും ഭാര്യാഭർത്താക്കന്മാരെപ്പോലെ ജീവിക്കാതിരുന്നതെന്നും (മത്താ. 1:25) മറിയയ്ക്ക് വേറെ മക്കളുണ്ടായിരുന്നെന്നും (മർക്കോ.6:3; മത്താ. 13:55,56; യോഹ. 7:3, 5) യേശുവിന്റെ അമ്മയ്ക്ക് മറ്റു മക്കളുണ്ടായിരിക്കുമെന്ന് പ്രവചനം പോലും ഉണ്ടായിരുന്നെന്നും (സങ്കീ. 69:8,9) വചനം വ്യക്തമാക്കുന്നു. വിദ്വാന്മാർ യേശുവിനെ അമ്മയോടൊപ്പം കണ്ടിട്ടും യേശുവിനെ മാത്രമാണ് ആരാധിച്ചത് (മത്താ. 2:17). മറിയയെ ആരാധിക്കുന്ന പ്രവണത യേശു തന്നെ നിരുത്സാഹപ്പെടുത്തുകയുണ്ടായി (ലൂക്കോ.11:27). ഈ വേദപുസ്തക സത്യങ്ങൾ അംഗീകരിക്കാതെ മറിയം ആരാധ്യയാണെന്ന് പറയുന്നത് ദൈവനിന്ദയാണ്, പാപമാണ്, ദൈവവചനത്തോടുള്ള മത്സരമാണ്.

**സ്നാനത്തിന് അമിതപ്രാധാന്യം നൽകുന്നത് തെറ്റല്ലേ?**

പട്ടത്വ സഭകളാണ് മാമോദീസായ്ക്ക് അമിത പ്രാധാന്യം നൽകുന്നത്. അവർ കുഞ്ഞിനു രണ്ടുമാസം ആകുന്നതിനു മുമ്പേ മാമോദീസാ നൽകുന്നു. എന്നാൽ ഞങ്ങൾ വൃദ്ധരായാൽ പോലും ഒരാളെയും സ്നാനത്തിനു നിർബന്ധിക്കാറില്ല. ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുന്ന വ്യക്തി അടുത്തപടിയായി ജലസ്നാനം സ്വീകരിക്കണമെന്ന് വചനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്.

**എന്തുകൊണ്ട് ശിശുസ്നാനം സ്വീകാര്യമാകുന്നില്ല?**

യഥാർത്ഥത്തിൽ ബാബിലോന്യമതത്തിൽനിന്നാണ് ശിശുസ്നാനം ഉണ്ടായത് (Anglo-Saxon Baptism Antiquities Vol. Page 335, The Conquest of Mexico). പുറജാതികൾ ശിശുക്കൾക്ക് ഒരു മതകർമ്മമായി സ്നാനകർമ്മം ഏർപ്പെടുത്തിയിരുന്നെന്ന് ഇതിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. പുറജാതികളുടെ ഈ സ്നാനകർമ്മവുമായി സകല എപ്പിസ്കോപ്പൽ സഭകളുടെയും

ശിശുസ്നാനത്തിനു ബന്ധമുള്ളതായി കാണാം. (Prescott s Mexico Vol. III PP 339, 340; Jodous Tiletanus unwritten treadition).

മാമോദീസാ മുക്കുക എന്നു പറയുമ്പോൾ തന്നെ കോരിയൊഴിക്കലല്ല ആദിമരീതി മുക്കുക എന്നുതന്നെയാണ്. ഓർത്തഡോക്സ് യാക്കോബായ സഭാ വിഭാഗങ്ങളുടെ പ്രമാണഗ്രന്ഥമായ ഹൂദായകാനോൻ 2 ാം അദ്ധ്യായത്തിൽ വേദം പഠിച്ചവനെ സ്നാനപ്പെടുത്തണം. അതായത് മുക്കണം; സ്നാനപ്പെടുന്ന സ്ത്രീപുരുഷന്മാർ മോതിരങ്ങൾ ആഭരണങ്ങൾ നീക്കം ചെയ്യണം. ആറോ തൊട്ടിയോ ഉണ്ടെങ്കിൽ അതിൽ സ്നാനപ്പെടുത്തണം എന്നു വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രമാണം ഇത് എഴുതിവച്ചവർക്കുപോലും പ്രാവർത്തികമാക്കാൻ സാധിക്കുന്നതല്ല. കാരണം സ്നാനവെള്ളം മൂറോൻ തൈലം ഒഴിച്ച് വാഴ്ത്തിയാണ് പള്ളിയിൽ ശിശുസ്നാനം നടത്തുന്നത്. ആറ്റിലും തോട്ടിലും എങ്ങനെ മൂറോൻ തൈലം ഒഴിക്കാൻ പറ്റും. പാപങ്ങളെ ഏറ്റുപറഞ്ഞവരെയാണ് യോഹന്നാൻ സ്നാപകൻപോലും സ്നാനപ്പെടുത്തിയത്. തിരിച്ചറിവും തീരുമാനശക്തിയും ഉള്ളവരാണ് സ്നാനപ്പെടേണ്ടത്.

**മാമോദീസ മൂലം വീണ്ടുംജനനം സംഭവിക്കാത്തതിനു കാരണം?**

കൃപയാൽ വിശ്വാസം മൂലമാണ് രക്ഷിക്കപ്പെടുന്നത് (വീണ്ടുംജനനം) എന്ന് വചനം വ്യക്തമാക്കുന്നു. വിശ്വസിച്ചാൽ രക്ഷിക്കപ്പെടുമെന്നും, വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടുമെന്നും വചനത്തിൽ പറയുമ്പോൾ ഒന്നാമത് വിശ്വാസവും രണ്ടാമത് സ്നാനവും എന്നനിലയിലാണ് (മർക്കോസ്16:16). മാനസാന്തരപ്പെടാഞ്ഞാൽ നശിച്ചുപോകുമെന്നും ഒരു കർമ്മത്താലും ആരും വീണ്ടുംജനിക്കുന്നില്ല എന്നും വേദപുസ്തകം വ്യക്തമാക്കുന്നു. പ്രെമിയോനിൽ കർത്താവ് തന്റെ മരണത്താൽ ആദാമിന്റെ കടച്ചീട്ട് കീറിക്കളഞ്ഞു എന്ന് എഴുതിവച്ചിട്ട് അതിനു വിരുദ്ധമായി ശിശുക്കൾക്ക് ജന്മപാപത്തിന്റെ അടിസ്ഥാനത്തിൽ പാപമോചനത്തിനായി മാമോദീസ നൽകുന്നതിൽ എന്തർത്ഥം.



**ചുമക്കുന്നവരുടെ വിശ്വാസം കണ്ട് പക്ഷപാതക്കാരനെ സൗഖ്യമാക്കിയ തുപോലെ; ബാല്യക്കാരനു വേണ്ടി ശതാധിപൻ വിശ്വസിച്ചതുപോലെ; തലതൊട്ടപ്പൻ പകരംനിന്ന് വിശ്വസിക്കു ന്നതിൽ എന്താണ് തെറ്റ്?**

ഭക്ഷണം കഴിക്കുക, ഉറങ്ങുക, വിവാഹംകഴിക്കുക തുടങ്ങിയ കാര്യങ്ങളിൽ എന്നപോലെ പകരംനിന്ന് വിശ്വസിക്കുവാൻ വചനവും സാമാന്യയുക്തിയും അനുവദിക്കുന്നില്ല. തലതൊട്ടപ്പൻ കുഞ്ഞിനുവേണ്ടി വിശ്വാസം ഏറ്റുപറയുന്നത് ശരിക്കും ആൾമാറാട്ടം നടത്തുന്ന രീതിയിൽതന്നെയാണ്. പക്ഷപാതക്കാരനെ ചുമക്കുന്നവർ ഈ രോഗിക്കു സൗഖ്യം കൊടുക്കേണമേ എന്നു പറയുന്നത് ന്യായം. മറിച്ച് പക്ഷപാതക്കാരായ ഞങ്ങൾ നിന്നോടപേക്ഷിക്കുന്നുവെന്ന് പറയുന്നത് വ്യാജവും അന്യായവുമാണ്. മർക്കോസാകുന്ന ഞാൻ ലൂക്കോസിനുവേണ്ടി സാത്താനെ ഉപേക്ഷിക്കുന്നു എന്നല്ല ഇവിടെ പറയുന്നത്. മർക്കോസ് ലൂക്കോസായി അഭിനയിച്ചിട്ട് ദൈവസന്നിധിയിൽ വ്യാജം കാണിക്കുകയാണ്. ഇത് യാതൊരു നീതിക്കും ചേർന്നതല്ല. ഒരാൾ വിശ്വാസിയാകണമെങ്കിൽ ബോധപൂർവ്വം വചനംകേട്ട് വിശ്വസിച്ച് ആശ്രയിച്ച് ദൈവവുമായി ഒരു ബന്ധത്തിലേക്ക് വരണം എന്നാണ് ദൈവവചനം ആവശ്യപ്പെടുന്നത്.

**സ്നാനം പരിച്ഛേദനയുടെ പൊരുളാണ്. നിഴലായ പരിച്ഛേദന ശൈശ വത്തിൽ നടത്തണമെന്ന് നിർബന്ധമായിരുന്നെങ്കിൽ പൊരുളായ സ്നാനം ശിശുക്കൾക്ക് നിഷേധിക്കുന്നത് തെറ്റും പാപവുമല്ലേ?**

പരിച്ഛേദനയുടെ പൊരുൾ സ്നാനമല്ല. ജഡത്തിലെ പരിച്ഛേദ നാകർമ്മം കൈകൾ കൂടാതെയുള്ള ആത്മീയ പരിച്ഛേദനയുടെ നിഴ ലാണ്. ഉല്പത്തി 17:12; പ്രവത്തി. 7:51; കൊലോസ്യർ. 2:11; റോമർ. 2:29; ഗലാത്യർ 6:15. പരിച്ഛേദന ആൺകുട്ടികൾക്കുമാത്രം 8 ാം നാളിൽ നടത്തുന്നു. സ്നാനം സ്ത്രീപുരുഷ ഭേദമില്ലാതെ ഏവർക്കുമുള്ള താണ്. പരിച്ഛേദനയുടെ പൊരുൾ ഹൃദയപരിച്ഛേദനയത്രെ.

**എന്തുകൊണ്ട് സ്നാനപ്പെടണം?**

1. സ്നാനപ്പെടണം എന്നത് ദൈവത്തിന്റെ കല്പനയാണ് (ലൂക്കോസ് 7:30; യോഹന്നാൻ 1:33; മത്തായി 28:19, 20).

2. അപ്പോസ്തലന്മാരുടെ കല്പന.

അപ്പോ. പ്രവർത്തി 2:38. യേശുവും അപ്പോസ്തലന്മാരും തന്നെ നമുക്ക് മാതൃക. മത്തായി 3:16, അപ്പോ. പ്രവർത്തി 9:18. ആദിമ സഭാപിതാക്കന്മാർ സ്നാനത്തെക്കുറിച്ച് പഠിപ്പിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. അപ്പോ. പ്രവർത്തി 8: 12; 16:30-33; 19:5.

**എന്താണ് സ്നാനം?**

ക്രിസ്തുവിലുള്ള വിശ്വാസത്തെ പരസ്യമായി ഏറ്റുപറയുന്ന സാക്ഷിയിൻ കർമ്മമാണിത്. പാപത്തിന് മരിച്ചു എന്നും നീതിക്കായി ഉയിർത്തു എന്നും തെളിയിക്കുന്ന ഒരു കർമ്മമായി കർത്താവിന്റെ മരണം, അടക്കം, ഉയിർപ്പ് ഇവയോട് സാദൃശ്യം വഹിക്കുന്നു. റോമർ 6:3-6 : ഈ വാക്യത്തിന് കത്തോലിക്കാ ബൈബിളിൽ കൊടുത്തിരിക്കുന്ന വ്യാഖ്യാനം ശ്രദ്ധേയം.

**സ്നാനവിധം എങ്ങനെ?**

സ്നാനം അതിന്റെ ശരിയായ നിലയിലും അക്ഷരീകമായ അർത്ഥത്തിലും 'മുഴുകൽ' അഥവാ 'വെള്ളത്തിൽ മുങ്ങിയുള്ള' എന്നുതന്നെയാണ്

യോഹന്നാൻ 3: 23; പ്രവർത്തി 8: 38; മത്തായി 3: 16. മൂലഭാഷയിൽ മുഴുകൽ എന്ന അർത്ഥത്തിൽ അതിന് ഉപയോഗിച്ചിരിക്കുന്ന പദം bap-tid-zo എന്നാണ്. സ്നാനത്തെക്കുറിച്ചുള്ള പരാമർശങ്ങളെല്ലാം തന്നെ മുഴുകൽ എന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ തളിക്കുക എന്ന അർത്ഥത്തിലാണെങ്കിൽ റെയിനോ, റാന്റിസോ എന്നീ പദങ്ങളാണ് വരേണ്ടിയിരുന്നത്. എബ്രായർ 9:13.

ആദിമ നൂറ്റാണ്ടിൽ വെള്ളത്തിൽ ഇറക്കി മുക്കിയുള്ള സ്നാനമാണ് നടപ്പിലിരുന്നതെന്നതിനാൽ ആണ് മാമോദീസാ മുക്കുക എന്ന പ്രയോഗമുണ്ടായിട്ടുള്ളത്. തളിപ്പ് പിൽക്കാലങ്ങളിൽ സഭയിൽ നുഴഞ്ഞുകയറിയ ദുരുപദേശമാണ്.

**ആരാണ് സ്നാനപ്പെടേണ്ടത്?**

ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചവർ, അതിനു പ്രാപ്തരായവർ മാത്രം. അപ്പോ. പ്രവർത്തി 8:37; റോമർ 6:3; ഗലാത്യർ 3:27. വിശ്വസിപ്പാൻ പ്രാപ്തരല്ലാത്ത ശിശുക്കൾ ഇതിനു



യോഗ്യരല്ല, യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഇതു സമ്മതിക്കുന്നു. "വേദപുസ്തകത്തിൽ ശിശു സ്നാനത്തിന് ആധാരമായി സ്പഷ്ടമായി വാക്യങ്ങൾ ഇല്ല.... യോഹന്നാൻ ബപ്റ്റിസതും ക്രിസ്തുവിന്റെ ശിഷ്യന്മാരും അനുതപിച്ച് വിശ്വസിച്ച് വന്നവരെ വെള്ളത്തിൽ ഇറക്കി മുക്കുകയായിരുന്നു ചെയ്തത്. 'A study Book for First Communicants പുറം 49-52. ഏതാനും നൂറ്റാണ്ടുകൾവരെ വിശ്വസിക്കുന്നവരെയാണ് സ്നാനപ്പെടുത്തിയത് എന്ന് നമ്മുടെ പിതാക്കന്മാരുടെ വിശ്വാസത്തിൽ കർദ്ദിനാൾ ഗിബ്ബൻസും ശിശുസ്നാനം സഭയിൽ പ്രവേശിച്ചത് 5-ാം നൂറ്റാണ്ടിലാണെന്ന് ക്രിസ്തുസഭാ ചരിത്രത്തിൽ ഗുണ്ടർട്ടും രേഖപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കാ സഭാചരിത്രവും പരിശോധിക്കുക.

ഒരു ശിശുവിനെ മാമോദീസാ മുക്കണമെങ്കിൽ സാത്താനെ ഉപേക്ഷിക്കുന്നു. മശിഹായെ കൈക്കൊള്ളുന്നു എന്നു പറയണം. എന്നാൽ ശിശു ഇത് പറയുന്നില്ലല്ലോ. അങ്ങനെ ഇല്ലാത്ത മാനസാന്തരം ഉണ്ടെന്നു വരുത്തി മാമോദീസാ മുക്കി മൂറോൻ അഭിഷേകം നടത്തുന്നു. മുലകുടി മാറാത്ത ശിശുവിൽ മനസറിയാതെ അടിച്ചേൽപ്പിക്കുന്ന മാനസാന്തരം-സ്നാനം -അഭിഷേകം വചനാനുസൃതമോ എന്ന് വായനക്കാർതന്നെ വിധിക്കുക. രക്തമണം വിട്ടുമാറാത്ത ശിശുവിന്റെ പാപം ശിരസ്സാ വഹിച്ച് ഏറ്റുപറഞ്ഞുപേക്ഷിക്കുന്ന 'തലതൊട്ടപ്പന്റെ' വചന വിരുദ്ധമായ പ്രവർത്തിക്ക് മാമോദീസാ മുക്കിയവരും- മുക്കിച്ചവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ കണക്ക് കൊടുക്കേണ്ടിവരും.

**എപ്പോഴാണ് സ്നാനപ്പെടേണ്ടത്?**

1. വിശ്വസിച്ചശേഷം. മാർക്കോസ് 16: 15, 16; അപ്പോ. പ്രവൃത്തി. 8: 12, 13, 37.
2. മാനസാന്തരശേഷം. അപ്പോ. പ്രവൃത്തി. 2: 38

## വേദപുസ്തക മാതൃക

**ഒന്നാം നൂറ്റാണ്ടിലെ സഭയുടെ നടപടികളുടെ ചരിത്രമായ പ്രവൃത്തികളുടെ പുസ്തകത്തിൽനിന്ന്.**

1. ശമര്യയിൽ വിശ്വസിച്ച പുരുഷന്മാരും സ്ത്രീകളും സ്നാനമേറ്റു (അപ്പോ. പ്രവൃത്തി. 8: 12).

2. തർസ്സോസുകാരനും യഹൂദനുമായിരുന്ന ശൗൽ വിശ്വസിച്ചു രക്ഷിക്കപ്പെട്ടതിനുശേഷം സ്നാനം കൈക്കൊണ്ടു (അപ്പോ. പ്രവൃത്തി. 9:18).
3. ലുദിയയും കുടുംബവും വചനം കൈക്കൊണ്ടശേഷം സ്നാനപ്പെട്ടു (അപ്പോ. പ്രവൃത്തി. 16: 14, 15).
4. പുറംജാതിക്കാരനായിരുന്ന കൊർന്നോല്യോസും വീട്ടുകാരും വിശ്വസിച്ചതിനുശേഷം സ്നാനമേറ്റു (അപ്പോ. പ്രവൃത്തി. 10:47, 48.).
5. കാരാഗ്രഹപ്രമാണിയും കുടുംബവും രക്ഷിക്കപ്പെട്ടശേഷം സ്നാനമേറ്റു (അപ്പോ. പ്രവൃത്തി. 16: 32, 33). ഇന്നും രക്ഷിക്കപ്പെട്ട ഒരുവൻ ആദ്യമായി അനുസരിക്കേണ്ട കല്പനയത്രേ സ്നാനം.

### സ്നാനോദ്ദേശ്യം?

രക്ഷിക്കപ്പെടുവാനല്ല, രക്ഷിക്കപ്പെട്ടതിനാൽ! കൃപയാലല്ലോ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫേസ്യർ 2:5,

ക്രിസ്ത്യാനിയാകുവാനല്ല, ക്രിസ്ത്യാനിയായതിനാൽ. മതത്തിൽ ചേരുവാനല്ല, ക്രിസ്തുവിനോടു ചേരുവാൻ.

## ആരുടെ നാമത്തിൽ സ്നാനപ്പെടണം ?

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (മത്തായി 28:19). യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരുടെ ഉള്ളിൽ ആന്തരികമായി നടന്ന പരിവർത്തനത്തെ, അതായത് ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസത്തെ പരസ്യമായി ഏറ്റുപറയുന്ന സാക്ഷിയിൻ കർമ്മമാണിത്. യേശു പറഞ്ഞു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പനകൾ പ്രമാണിക്കും" (യോഹന്നാൻ 14: 15). യേശുവിനെ സ്നേഹിക്കുന്ന, അവനെ ഉള്ളത്തിൽ സ്വീകരിച്ച നിങ്ങൾ യേശുവിന്റെ കല്പന അനുസരിച്ചിട്ടുണ്ടോ?

ഓരോ കാലഘട്ടത്തിലും ദൈവം മനുഷ്യർക്ക് തന്റെ അരുളപ്പാടുകൾ നൽകിയ മാദ്ധ്യമത്തിനും രീതിക്കും വ്യത്യാസമുണ്ടായിരുന്നെങ്കിലും എല്ലാക്കാലത്തും ദൈവം



മനുഷ്യരിൽനിന്നും പ്രതീക്ഷിച്ചിരുന്നത് ഒന്നുമാത്രമാണ് -അനുസരണം. എന്നാൽ ഓരോ കാലഘട്ടത്തിലും മനുഷ്യൻ അനുസരിക്കുവാനായി ദൈവം വച്ചിരുന്ന നിബന്ധനകൾക്ക് വ്യത്യാസം ഉണ്ടായിരുന്നു.

പാപമോചനത്തിനുള്ള സ്നാനം ക്രിസ്തീയ കാലത്തെ നിബന്ധനയാണ് - യേശുക്രിസ്തുവിന്റെ മരണത്തിലും, അടക്കത്തിലും, ഉയിർപ്പിലും പങ്കാളിയായിത്തീരുവാനുള്ള സ്നാനം എന്ന നിബന്ധന യേശുക്രിസ്തുവിന്റെ വരവിനും, മരണത്തിനും മുമ്പ് അബ്രഹാമിന്റെയോ മോശെയുടേയോ കാലത്ത് അസാദ്ധ്യമാണല്ലോ. അന്നുണ്ടായിരുന്ന നിബന്ധനകൾ എല്ലാം ഈ പരമയാഗത്തിലുള്ള വിശ്വാസം-അനുസരണത്തിലൂടെ വ്യക്തമാക്കുന്നവയായിരുന്നു.

അതുകൊണ്ട് പഴയനിയമകാലത്തുണ്ടായിരുന്ന മനുഷ്യരോട് സ്നാനം ഏൽക്കണം എന്നൊരു നിബന്ധന നൽകിയിരുന്നില്ല. യേശു ന്യായപ്രമാണകാലത്താണ് ജീവിച്ചതും മരിച്ചതും -ന്യായപ്രമാണത്തിനു നിവൃത്തി വരുത്തിക്കൊണ്ട് ന്യായപ്രമാണത്തിൻ കീഴിൽ ജീവിച്ച് ന്യായപ്രമാണം പാപത്തിനു കൽപ്പിച്ചിരുന്ന ശിക്ഷ വാങ്ങിയാണല്ലോ യേശു മരിച്ചത്. അതുകൊണ്ട് പറുദീസയിൽപ്പോയ കള്ളനോടും യേശു സംസാരിച്ചത് ന്യായപ്രമാണകാലത്തായിരുന്നു. ആ കാലത്ത് അബ്രഹാമിനും മോശെയ്ക്കും ദാനിയേലിനും മറ്റും സ്നാനം എന്ന നിബന്ധന ബാധകമല്ലാതിരുന്നതുപോലെ ഇയാൾക്കും ബാധകമല്ലായിരുന്നു.

എന്നാൽ യേശുവിന്റെ മരണത്തിനും ഉയിർപ്പിനും ശേഷം നിലവിൽ വന്ന പുതിയനിയമത്തിൽ അവൻ വച്ചിരുന്ന നിബന്ധനയായ സ്നാനം ഏറ്റേ മതിയാവുകയുള്ളൂ. ഇതിനെ ഒരു മനുഷ്യന്റെ വിൽപത്രത്തോടു താരതമ്യപ്പെടുത്താം. ഉടമസ്ഥൻ ജീവനോടിരിക്കുമ്പോൾ തന്റെ വസ്തുവകകൾ ഇഷ്ടമുള്ളവർക്കു കൊടുക്കുവാൻ സാധിക്കും. എന്നാൽ മരണശേഷം തന്റെ വിൽപത്രത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളിൻ പ്രകാരം മാത്രമേ വീതം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

യേശുവിന്റെ വിൽപത്രവും നിലവിൽവന്നത് തന്റെ മരണത്തോടുകൂടിയാണ്. നിയമം ഉള്ളടത്തു നിയമകർത്താവിന്റെ

മരണം തെളിവാൻ ആവശ്യം-മരിച്ച ശേഷമല്ലോ നിയമം സ്ഥിരമാകുന്നത്; നിയമകർത്താവിന്റെ ജീവകാലത്തോളം അതിന് ഉറപ്പില്ല (എബ്രാ. 9: 16, 17).

കള്ളൻ പറുദീസയിൽ പോയതുപോലെ നിങ്ങളും പോകുവാനിരിക്കുകയാണെങ്കിൽ, യേശു ക്രൂശിൽ മരിക്കുന്നതിനു മുമ്പ് എപ്പോഴെങ്കിലും ജനിക്കണമായിരുന്നു. ഇനി അതു സാദ്ധ്യമല്ലല്ലോ, അതുകൊണ്ട് ചെയ്യാവുന്ന ഒന്നേയുള്ളു. വേദപുസ്തകത്തിൽ ഇല്ലാത്ത മനുഷ്യനിർമ്മിതമായ ഒരു പാരമ്പര്യ ഉപദേശത്തെ ഏതുവിധേനയും സ്ഥാപിക്കുവാൻ ശ്രമിക്കുന്നവരുടെ ബാലിശമായ ഉദാഹരണങ്ങളുടെ മറവിൽ നിന്നു രക്ഷപെടുവാൻ ശ്രമിക്കാതെ യേശു വച്ചിരിക്കുന്ന നിബന്ധനയെ അനുസരിക്കുവാൻ ധൈര്യമായി മുമ്പോട്ടു വരുക.

പൗലോസ് 8-ാം നാൾ പരിച്ഛേദനയേറ്റ യോഗ്യനായ ഒരു യഹൂദനും പരീശന്റെ മകനായി പിറന്ന പരീശനും ആയിരുന്നെങ്കിലും അനന്യാസ് (കർത്താവ് നേരിട്ടല്ല) സ്നാനം ഏൽക്കണം എന്ന നിബന്ധന അറിയിച്ചപ്പോൾ (അ.പ്ര. 22: 16) ആ മനുഷ്യൻ ഒരു തടസവും പറഞ്ഞില്ല. ക്രൂശിലെ കള്ളന്റെ കാര്യവും പറഞ്ഞില്ല. പിന്നെയോ അപ്പോൾ തന്നെ ദൈവത്തിനു കീഴ്പ്പെട്ട് അനുസരിക്കുകയാണ് ചെയ്തത്.

പത്രോസ് പറഞ്ഞത്: "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും". (അ.പ്ര. 2: 38)

**1. മാനസാന്തരപ്പെടുക**

**2. സ്നാനപ്പെടുക**

**3. പരിശുദ്ധാത്മാവിനെ സ്വീകരിക്കുക**

ഇവിടെ വേദപുസ്തകം, ക്രിസ്തീയജീവിതം ആരംഭിക്കുന്ന വിധത്തെക്കുറിച്ചു വ്യക്തമായി പഠിപ്പിക്കുന്നു. നമ്മുടെ ക്രിസ്തീയ ജീവിതം കെട്ടിപ്പടുക്കേണ്ട ഏക അടിസ്ഥാനത്തെക്കുറിച്ച് ഇവിടെ നാം മനസ്സിലാക്കുന്നു. എന്നാൽ ഇന്ന് ഈ അടിസ്ഥാനങ്ങൾ



നശിപ്പിക്കപ്പെട്ടിരിക്കുകയാണ്! ദൈവം കൽപ്പിച്ച ഏകഅടിസ്ഥാനം മനുഷ്യരുടെ പാരമ്പര്യത്താൽ പകരം വയ്ക്കപ്പെട്ടിരിക്കുന്നു.

ദൈവകല്പന അനുസരിക്കുന്നതിനു പകരം മനുഷ്യരുടെ സമ്പ്രദായങ്ങൾ പിന്തുടരുന്നത് ലംഘനമാണ്-പാപമാണ്- എന്ന് യേശു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. യേശു ഇപ്രകാരം മുന്നറിയിപ്പുനൽകുന്നു: നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപടഭക്തിക്കാരെ, നിങ്ങളെക്കുറിച്ച് യെശയ്യാവ് : ഈ ജനം അധരംകൊണ്ട് ബഹുമാനിക്കുന്നു. എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടകന്നിരിക്കുന്നു. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്നിങ്ങനെ പ്രവചിച്ചത് ഒത്തിരിക്കുന്നു. (മത്താ. 15: 6-8).

**മാമോദീസ മുക്കുക അഥവാ ക്രിസ്റ്റണിങ്ങ് സ്വീകാര്യമല്ല എന്നു പറയാൻ കാരണം?**

ഒരാൾക്ക് മറ്റൊരാളെ ക്രിസ്ത്യാനിയാക്കുവാൻ കഴിയുകയില്ല. സ്വയമായി യേശുക്രിസ്തുവിനെ സ്വീകരിക്കുന്ന ഒരുവനുമാത്രമേ ക്രിസ്ത്യാനിയാകുവാൻ കഴിയുകയുള്ളു.

**മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുള്ള കൂദാശകൾ അടിസ്ഥാന രഹിതം എന്നു പറയാൻ കാരണം?**

കൂദാശകൾ എണ്ണത്തിൽ 7 ആണ്. തങ്ങളുടെ ജീവിതകാലത്ത് പട്ടക്കാർക്കും വിശ്വാസികൾക്കും 6 കൂദാശകൾ മാത്രമേ ലഭിക്കുകയുള്ളു. രോഗികൾക്കു കിട്ടുന്ന തൈലാഭിഷേകം രോഗം വരാത്തവന് കിട്ടുന്നില്ല. അങ്ങനെ ഏതു നിലയിൽ ചിന്തിച്ചാലും കൂദാശയിൽ രക്ഷയും യുക്തിയും അടിസ്ഥാനവുമില്ലന്ന് ബോധ്യമാകും.

**കുമ്പസാരത്തിലൂടെ പാപമോചനം സാധ്യമാകുന്നില്ല എന്നു പറയുന്നത് എന്തുകൊണ്ട്?**

കുമ്പസാരം മനുഷ്യബുദ്ധിയിൽ ചിന്തിച്ച് ഉണ്ടാക്കിയെടുത്തതാണ്. കുമ്പസാരിക്കുന്നതിനു മുമ്പ് ദൈവത്തോട് പാപം ഏറ്റുപറയണമെന്ന് പട്ടത്വസഭകളിൽ വ്യവസ്ഥയുണ്ട്. കരുണാക്കടലേ ഞാൻ നോക്കും എന്ന ഗീതത്തിൽ കണ്ണുനീരുകൊണ്ട് പാപമോചനം നേടാം എന്നും പറയുന്നുണ്ട്. അങ്ങനെയെങ്കിൽ

ദൈവത്തോട് അപേക്ഷിച്ച് പാപമോചനം ലഭിച്ചവൻ പുരോഹിതനോട് അപേക്ഷിക്കുന്നതെന്തിന്. അഥവാ ദൈവം ക്ഷമിക്കാത്തത് പുരോഹിതന് പരിഹരിക്കാൻകഴിയുന്നതെങ്ങനെ. ഇതുപോലെതന്നെയാണ് ദണ്ഡവിമോചന വ്യവസ്ഥകൾ. പണ്ട് ദണ്ഡവിമോചനത്തിന് പണം കൊടുക്കണമായിരുന്നു. കുമ്പസാരത്തിന് മുമ്പ് സ്ഥാപിച്ച പാപമോചന ചീട്ടിനും പണം കൊടുക്കണമായിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ആണ് ഇതിനു മാറ്റം ഉണ്ടായത്. ഇതോടനുബന്ധിച്ച് ചരിത്രപരമായി വളരെ കാര്യങ്ങൾ വ്യക്തമാക്കേണ്ടതുണ്ട്. എന്നാൽ അത് പിന്നീടൊരവസരത്തിലാകാം.

പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് വന്നിട്ട് പത്രോസ് പ്രസംഗിച്ചതാണ് പാപമോചനത്തിനുള്ള മാർഗ്ഗം. നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ (അപ്പോ. പ്രവർത്തി. 2:38). വിശ്വസിച്ച് സ്നാനമേൽക്കുന്നവൻ രക്ഷിക്കപ്പെടും എന്ന് വേദപുസ്തകം വ്യക്തമാക്കുന്നു. എന്താണ് വിശ്വസിക്കേണ്ടതെന്നും പാപമോചനത്തിനുള്ള മാർഗ്ഗം എന്തെന്നും റോമർ 10:9ലും പ്രവർത്തി. 2:38ലും വ്യക്തമാക്കിയിട്ടുണ്ട്. വിശ്വസിച്ച് ഏറ്റുപറയുമ്പോഴാണ് പാപമോചനം ലഭിക്കുന്നത്.

## മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും കർമ്മങ്ങളും അന്ധവിശ്വാസവും അനാചാരവുമാണെന്നു പറയുന്നതെന്തു കൊണ്ട്?

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കായി നിയമിച്ചിരിക്കുന്നു (എബ്രായർ. 9:27; 2 കൊരി. 5:10); പാപത്തിൽ മരിച്ചവന് തുടർന്ന് ന്യായവിധിയല്ലാതെ അതിനിടയ്ക്ക് വിടുതലിനുവേണ്ടി ശുദ്ധീകരണം പ്രാപിക്കുന്നതിന് ഒരു ശുദ്ധീകരണ സ്ഥലം (ബസ്പുർക്കാന) ഇല്ല. ഇതിനായി പള്ളികളിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ നൽകി കുർബാന, ഒപ്പീസ് തുടങ്ങി മരിച്ചവർക്കുവേണ്ടിയുള്ള കർമ്മങ്ങൾ നടത്തുന്നതിലൂടെ ആത്മാക്കളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കാം എന്നത് വെറും വ്യാമോഹം മാത്രമാണ്. ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ യേശു ഇതിനുള്ള സാധ്യത തള്ളിക്കളയുന്നു (ലൂക്കോസ് 16). നീതിമാന്മാർ നിത്യജീവങ്കലേക്കും ദുഷ്ടന്മാർ



നിത്യദണ്ഡനത്തിലേക്കും പോകും എന്നാണ് മത്തായി 25:46-ൽ കർത്താവ് വ്യക്തമാക്കിയിരിക്കുന്നത്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അവർക്കായി കർമ്മങ്ങൾ നടത്തുന്നതും ബാബിലോന്യ മതാചാരമാണ്. പ്ലേറ്റോതന്നെ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട് (M. Plato Vol. II P 364, 365). ഈജിപ്തിലും ഈ മതാചാരം നിലവിലിരുന്നു (Wilkinson Vol. IV P. 94). ഹിന്ദുമതത്തിലും മരിച്ചവർക്കുവേണ്ടിയുള്ള അടിയന്തിര ചടങ്ങുകളും ശേഷക്രിയകളും നടത്തുന്ന പതിവുണ്ടല്ലോ.

കേവലം ഈ അന്ധവിശ്വാസത്തിന് യാതൊരു അടിസ്ഥാനവുമില്ല. കാരണം ചാവുദോഷം ഒഴികെയുള്ള പാപങ്ങൾ ചെയ്തവരും ഉത്തരിപ്പുകടം ബാക്കിനിൽക്കുന്നവരും കുമ്പസാരിച്ചിട്ടും പാപങ്ങൾ മുഴുവൻ മായാത്തവരുമാണല്ലോ ശുദ്ധീകരണ സ്ഥലത്ത് കിടക്കേണ്ടിവരുന്നത്, ചാവുദോഷം അഥവാ 10 പ്രമാണങ്ങളിൽ ഏതിന്റെ എങ്കിലും ലംഘനം നടത്തി മരിച്ചവർക്ക് നിത്യനരകം എന്നാണല്ലോ പഠിപ്പിക്കുന്നത്. അങ്ങനെയെങ്കിൽ ശുദ്ധീകരണസ്ഥലത്ത് ആരും ഉണ്ടായിരിക്കയില്ല. കാരണം രണ്ടാം പ്രമാണം ലംഘിക്കാത്ത ഒരുവനും പട്ടത്വസഭയിൽ കാണില്ല. ജീവിച്ചിരിക്കുമ്പോഴും മരണസമയത്തും ഈ പ്രമാണം ലംഘിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിമകളെ ചുംബിച്ചും അവയിൽ ആശ്രയിച്ചും തൊട്ടുമുത്തുകയും അവയ്ക്കുമുമ്പിൽ തലകുനിക്കയും അഥവാ അവയെ വണങ്ങുകയും ചെയ്യാത്ത ഒരുവനെങ്കിലും ശുദ്ധീകരണസ്ഥലം പഠിപ്പിക്കുന്നവരുടെയിടയിൽ കാണുമോ. അപ്പോൾ പള്ളിമതക്കാർ അവർ പറയുന്നതുപോലെ തന്നെ കല്പനലംഘിക്കുന്നവർ നരകത്തിൽപോകും. പിന്നെ ആരാണ് ശുദ്ധീകരണസ്ഥലത്ത് ഉണ്ടാകുന്നത്? അങ്ങനെയെങ്കിൽ മരണാനന്തരകർമ്മങ്ങൾ ചെയ്യുന്നതും ചെയ്യിക്കുന്നതും ആർക്കുവേണ്ടി? എന്തിനുവേണ്ടി?

## ശരീരപ്രകാരം ജീവനോടുള്ള വിശ്വാസികൾ മാത്രമുള്ള കൂട്ടായ്മ സഭയല്ല. വെറും സംഘടനമാത്രമല്ലേ?

പുതിയ നിയമസഭയെ ക്രിസ്തുവിന്റെ കാന്ത, ജീവനുള്ള ആലയം, ക്രിസ്തുവിന്റെ തോട്ടം, ദൈവജനമായ വിശുദ്ധന്മാരുടെ കൂട്ടം, പുരോഹിതവർഗ്ഗം തുടങ്ങിയവയോട് സാദൃശീകരിച്ചിട്ടുണ്ട്.

ക്രിസ്തുവിന്റെ ഇഷ്ടം നിറവേറ്റുക, വിശുദ്ധി വെളിപ്പെടുത്തുക ദൈവാരാധന നടത്തുക, ദൈവത്തിനായി ഫലം കായ്ക്കുക, ക്രിസ്തുവിന്റെ സൽഗുണങ്ങൾ ഘോഷിക്കുക, യേശുക്രിസ്തുമൂലം ദൈവത്തിന് ആത്മീയ ബലികൾ അർപ്പിക്കുക തുടങ്ങിയ കടമകൾ വെളിപ്പെടുത്തുന്നതിനോടുള്ള ബന്ധത്തിലാണ് ഇങ്ങനെ സാദൃശ്യം പറഞ്ഞിരിക്കുന്നത്. ഈ വിധത്തിൽ കടമകൾ വെളിപ്പെടുത്തേണ്ട സഭ എന്ന് അവകാശപ്പെടുന്ന കൂട്ടങ്ങൾക്ക് അതിന് സാധിക്കാതെ വരുമ്പോൾ ആയത് വെറും സംഘടനയായി അധഃപ്പതിക്കുന്നതായി വചനത്തിൽ നിന്ന് മനസ്സിലാക്കാം. എന്നല്ലാതെ ശരീരപ്രകാരം ജീവനോടുള്ള വിശ്വാസികൾ മാത്രമുള്ള കൂട്ടായ്മ സഭയല്ല, വെറും സംഘടനമാത്രമാണെന്ന മറിമായോ പദേശത്തിന് അടിസ്ഥാനം വചനമല്ല എന്ന് വിശ്വാസികൾ മനസിലാക്കിയിരിക്കേണ്ടതാണ്.

**എന്താണ് സഭ? ജീവിച്ചിരിക്കുന്ന വിശ്വാസികളും മരിച്ചുപോയ വിശ്വാസികളും കൂടുന്നതല്ലേ സഭ?**

സഭ എന്ന ഗ്രീക്ക് പദത്തിന്റെ ധാത്വാർത്ഥം Belonging to the LORD എന്നാണ്. സഭയ്ക്ക് ഗ്രീക്കിൽ എക്ലെസിയ (Ekklesia) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അത് ek (ഉത്ഭവസ്ഥാനത്തെ ക്കുറിക്കുന്ന പദം. The point whence motion or action proceeds = from out) കലിഹോ(Kleo)=(To call) എന്നീ രണ്ട് പദങ്ങൾ ചേർന്നതാണ്... An Assembly of called out ones. പുതിയനിയമത്തിൽ ഈ പദമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇസ്രായേൽ ജനത്തിന് രാജവാഴ്ച തുടങ്ങും മുമ്പെ ഉണ്ടായിരുന്ന ദൈവഭരണത്തെയാണ് അത് കുറിക്കുന്നത്. അതായത് ദൈവ ത്താൽ ഭരിക്കപ്പെടുന്ന ജനം എന്നർത്ഥം. ഈ പദം സുവിശേ ഷത്തിൽ രണ്ടു സ്ഥലത്തു മാത്രമാണ് ഉപയോഗിച്ചി ട്ടുള്ളത് (മത്തായി 16: 18; 18: 17). 16:18 ൽ ആണ് ഈ പദം ആദ്യമായി ഉപയോഗിച്ചിരിക്കുന്നത്. അത് കർത്താവിന്റെ മൊഴിയാണ്.

സഭയെ ദൈവത്തിന്റെ ഭവനമായി വിവരിച്ചിട്ടുണ്ട് (1 പത്രോ. 4:17. 1 തിമോ. 3:15). ജീവനുള്ള കല്ലായ ക്രിസ്തുവിനോട് ബന്ധപ്പെട്ട് ജീവനുള്ള കല്ലുകളായിത്തീർന്നു-വീണ്ടും ജനിച്ച ദൈവമക്കൾ



ഒന്നിച്ചു ചേരുന്നതാണ് ദൈവത്തിനു പ്രസാദമുള്ള യാഗങ്ങൾ അർപ്പിക്കുന്ന വിശുദ്ധമന്ദിരം. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ എന്നാണ് കൊരിന്തിലെ സഭയ്ക്ക് പൗലോസ് എഴുതുന്നത്. ഏതെങ്കിലും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുന്ന വീണ്ടും ജനിച്ച ദൈവക്കൾ ആണ് ദൈവത്തിന്റെ മന്ദിരം. അവർ കൂടിവരുന്ന സ്ഥലത്തിനോ കെട്ടിടത്തിനോ ഇവിടെ പ്രാധാന്യമില്ല. ആത്മാവിന്റെ ഐക്യത്തിൽ ജീവനുള്ള കല്ലുകളായി ക്രിസ്തുയേശുവിൽ പണിയപ്പെടുന്ന വിശ്വാസികളുടെ കൂട്ടങ്ങൾക്കാണ് കർത്താവ് പ്രാധാന്യം കൊടുക്കുന്നത്. ആത്മീയ മരണം സംഭവിച്ചവരേയും ശാരീരിക മരണത്താൽ ഭൂമിയിൽ നിന്ന് വാങ്ങിപ്പോയവരേയും ജീവനോടിരിക്കുന്ന വിശ്വാസികളുടെ കൂട്ടത്തോട് ബന്ധപ്പെടുത്തി സംസാരിക്കുവാൻ വചനം അനുവദിക്കുന്നില്ല. സഭ ക്രിസ്തുവിന്റെ ശരീരമാകയാൽ ക്രിസ്തുവിനെ ലോകത്തിന് പ്രദർശിപ്പിക്കേണ്ട തിനും ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കേണ്ടതിനും ലോകത്തിലായിരിക്കുന്നു.

**വാങ്ങിപ്പോയവരുടെ സംസർഗംകൂടയുള്ളതല്ലേ സഭ?**

മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള സംസർഗം ഏതു വിധത്തിലുള്ളതാണെന്ന് മനസിലാകുന്നില്ല. കർത്താവ് പറഞ്ഞ ഉപമ ഇവ്വിധമുള്ള സംസർഗത്തെ നിഷേധിക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്.

മരണാവസ്ഥയ്ക്ക് നിദ്ര എന്നാണ് ബൈബിളിൽ (1 തെസ്സ.4:13, 17) പറഞ്ഞിരിക്കുന്നത്. മരണത്തോടെ മനുഷ്യന്റെ വ്യക്തിത്വത്തിന് കോട്ടം തട്ടുകയും. (സഭ.പ്ര. 12:7) ആത്മാവ് സ്വസ്ഥതയിൽ പ്രവേശി ക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെയാണ് മരിച്ചവരും മൗനതയിൽ ഇറങ്ങിയവരും ആരും ദൈവത്തെ സ്തുതിക്കുന്നില്ലാ എന്നും (സങ്കി. 115:17) ധൂളി ദൈവത്തെ സ്തുതിക്കുമോ (സങ്കീ. 30: 9, 6:15) എന്നും വചനത്തിൽ ചോദിച്ചിരിക്കുന്നത്. പുനരുത്ഥാന നാൾവരേയും ശരീരത്തിൽ നിന്നും സ്വതന്ത്രമായ ആത്മാവിന് യാതൊരു വിധ സംസർഗവും സാധ്യമല്ലാ എന്ന് വചനം പഠിപ്പിക്കുന്നു. കാര്യങ്ങൾ ഇങ്ങനെ ആയിരിക്കെ മരിച്ചുപോയ വരുടെ സംസർഗവും കൂടിയുള്ളതാണ് സഭ എന്ന പഠിപ്പിക്കലിന് നിലനിൽപ്പ് സാധ്യമല്ലല്ലോ.

**പരിശുദ്ധന്മാരുടെ അസ്ഥിക്കുപോലും ശക്തിയുള്ളതിനാൽ അതിനെ ആരാധിക്കേണ്ടതല്ലേ (2 രാജാ.13:20, 21)?**

ഒരു വിശുദ്ധന്റെ അസ്ഥിയിൽ ശക്തി വെളിപ്പെട്ടുവെന്നു പറയുന്നതല്ലാതെ അതിനെ ആദരിക്കുവാനോ ആരാധിക്കുവാനോ വചനം ഉപദേശിക്കുന്നില്ല. മറിച്ച് അങ്ങനെ ചെയ്യരുതന്നത്രേ വചനം പഠിപ്പിക്കുന്നത്. അസ്ഥിയിൽ വെളിപ്പെടുന്ന ശക്തിയാണ് വിശുദ്ധിയുടെ മാനദണ്ഡം എങ്കിൽ പ്രസ്തുത വ്യക്തിക്ക് ശേഷം വിശുദ്ധന്മാർ ഉണ്ടായിട്ടില്ലാ എന്ന് പറയേണ്ടിവരും. അല്ല, ആയത് ഒരു യാദൃശിക സംഭവം മാത്രമാണെന്നും ദൈവത്തിന്റെ പ്രവർത്തി വെളിപ്പെടുവാൻ അസ്ഥി മുഖാന്തിരമായത് മാത്രമാണെന്നുമുള്ള സത്യം കാര്യകാരണസഹിതം മനസ്സിലാക്കുന്ന ഒരു വ്യക്തി ആദരിക്കേണ്ടതും ആരാധിക്കേണ്ടതും ജീവനില്ലാത്ത അസ്ഥിയെ അല്ല, ജീവനില്ലാത്ത അസ്ഥിയിൽകൂടെ തന്റെ ശക്തി വെളിപ്പെടുത്തിയ ദൈവത്തെയാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തെ കഴുകിക്കളഞ്ഞ് ശുദ്ധീകരണം പ്രാപിച്ച വ്യക്തിയെ വിളിക്കുന്ന പല പേരുകളിൽ ഒന്നാണ് വിശുദ്ധൻ എന്നത്. റോമ. 1: 3; 1 കൊരി. 1: 2; എഫെ. 1: 1; ഫിലി. 1: 1; കൊലൊ.1:1 തുടങ്ങിയ വാക്യങ്ങളിൽ ക്രിസ്തുവിശ്വാസികളെ വിശുദ്ധന്മാരെന്നാണ് അപ്പോസ്തലനായ പൗലോസ് സംബോധന ചെയ്തിരിക്കുന്നത്. തന്നെയുമല്ല വിശുദ്ധന്മാരെ ചേർക്കാനാണ് കർത്താവു വരുന്നത്. ''യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ'' എന്നാണല്ലോ കാണുന്നത് (സങ്കീ. 50: 5). ബൈബിളിൽ വിശുദ്ധന്മാരെന്ന് സംബോധന ചെയ്തിരിക്കുന്നത് ശുദ്ധീകരിക്കപ്പെട്ടവർ എന്ന അർത്ഥത്തിലാണ്. വിശുദ്ധീകരണം എന്ന പദം 2 അർത്ഥത്തിൽ ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. 1 വേർതിരിവ് എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. രണ്ടാമത്തെ അർത്ഥം സന്മാർഗത്തിനും ധാർമ്മികത്തിനും വിരുദ്ധമായി വന്നുപോകുന്ന എല്ലാ മാലിന്യത്തിൽനിന്നും കഴുകൽ പ്രാപിക്കുക എന്നത്രെ. എന്നാൽ വേർതിരിക്കപ്പെട്ടവർ എന്ന അർത്ഥത്തിലാണ് ലേഖനങ്ങളിൽ വിശുദ്ധന്മാർ എന്ന് സംബോധന ചെയ്തിരിക്കുന്നത്.



ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ വിശ്വാസിക്ക് കൈവന്ന അനുഗ്രഹമാണ് വിശുദ്ധി എന്നത്. അതായത് ദൈവം ക്രിസ്തുവിലൂടെ നമ്മെ വിശുദ്ധന്മാരായി കണക്കാക്കുന്നു.

അവൻ നമുക്ക് ദൈവത്തിങ്കൽനിന്ന് ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പും ആയി തീർന്നു. പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ എന്ന് എഴുതിയിരിക്കുന്നതുപോലെ ആകേണ്ടതിനുതന്നെ (1 കൊരി.1:30, 31); പാപിയായിരുന്നവൻ ഇങ്ങനെ ക്രിസ്തുവിന്റെ ക്രൂശു മുഖാന്തരം ദൈവത്തിനായി വേർതിരിക്കപ്പെടുന്നു (എബ്രായർ 10:10). അങ്ങനെ വിശ്വാസിക്ക് സദാകാലത്തേക്കുമുള്ള സൽഗുണ പൂർത്തി കൈവന്നിരിക്കുന്നു (എബ്രാ. 10: 14). ഇത് വിശ്വാസിയിലുള്ള യോഗ്യതയല്ല മറിച്ച് വിശ്വാസിക്ക് ദൈവ സന്നിധിയിലുള്ള നിലയാണ്. ഈ വിധത്തിലാണ് പരിശുദ്ധാത്മാവ് ദൈവജനത്തെ വിശുദ്ധന്മാർ എന്നു വിളിച്ചിരിക്കുന്നത്.

എന്നാൽ ഒരു വ്യക്തി മരിച്ചതിനു ശേഷം അവരുടെ കഴിഞ്ഞകാലത്തെ ജീവിതത്തെയും ശവക്കുഴി മാന്തിക്കിട്ടുന്ന അസ്ഥികളെയും അടിസ്ഥാനമാക്കി സഭാദ്ധ്യക്ഷന്മാർ ചിലരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുകയും അവരെ ആദരിക്കുവാനും ആരാധിക്കുവാനും നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ചെയ്യേണ്ടതിനെ ചെയ്യാതെയും ചെയ്യരുതാത്തതിനെ ചെയ്യാനും ഉപദേശിക്കുന്ന ഇക്കൂട്ടരുടെ വചന വിരുദ്ധമായ നിലപാട് വിശ്വാസികൾ മനസിലാക്കി അനാചാരങ്ങളെ ഉപേക്ഷിക്കയും ദൈവിക നിയമപ്രകാരം തിരുവചന സത്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുവാൻ ഉത്സാഹിക്കേണ്ടതാണ്.

**വാങ്ങിപ്പോയവരെ ഓർത്ത് നാം പ്രാർത്ഥിക്കേണ്ടതല്ലെ?**

എന്തിനുവേണ്ടി നാം പ്രാർത്ഥിക്കണം? മരണം രക്ഷിക്കപ്പെടുവാനുള്ള അവസരത്തിന്റെ അവസാനമാണെന്നും മരണം വഴിയായി അഭൗതിക ലോകത്തിലേക്ക് പ്രവേശിക്കുന്ന ഒരു വ്യക്തിക്ക് ഈ ലോക ജീവിത്തിലെ ക്രിയകൾക്ക് അനുസൃതമായ ഫലമാണ് അവിടെ ലഭിക്കുന്നതെന്നുമുള്ള സത്യം വചനത്തിൽ നിന്ന് മനസിലാക്കുന്ന ഒരുവന് ഇത്തരത്തിലുള്ള പ്രാർത്ഥന കളെ ന്യായീകരിക്കുവാൻ കഴിയുന്നതെങ്ങനെ? വഞ്ചനപ്പെടാ തിരിപ്പിൻ... മനുഷ്യൻ വിതയ്ക്കുന്നതുതന്നെ കൊയ്യുമെന്നിരിക്കെ (ഗലാ. 6:7)

ഇവിടെ മരിച്ചവർക്കുവേണ്ടി ജീവിച്ചിരിക്കുന്നവർ നടത്തുന്ന പ്രാർത്ഥനകൊണ്ടും കർമ്മങ്ങൾകൊണ്ടും എന്തു പ്രയോജനം?

**മരണത്തിനുശേഷം പുനരുത്ഥാനം-ന്യായ വിധിക്കുമുമ്പ് ആത്മാക്കളുടെ അവസ്ഥയെന്ത്?**

വചനപ്രകാരം ജീവിച്ച വ്യക്തികളുടെ മുക്താത്മാവ് ക്രിസ്തുവിനോടു കൂടെയെന്നും (ഫിലിപ്പ്യർ 1:23) അമുക്താത്മാക്കൾ പാതാളത്തിൽ എന്നും (ലൂക്കോസ് 16: 23) വചനം വ്യക്തമാക്കുന്നു.

**അല്പ പാപത്തോടെ മരിക്കുന്നവരുടെ ആത്മാക്കൾ എത്തപ്പെടുന്നത് എവിടെ?**

മുകളിൽ പറഞ്ഞിരിക്കുന്ന രണ്ടു സ്ഥലത്തേക്കല്ലാതെ മൂന്നാമത് ഒരിടത്തേക്ക് മാറ്റപ്പെടുന്നതായി ബൈബിൾ പഠിപ്പിക്കുന്നില്ല.

**ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയാലൊ പ്രവർത്തിയാലൊ ഒരു വ്യക്തിയുടെ ആത്മാവിനെ ഒരവസ്ഥയിൽനിന്നും മറ്റൊരവസ്ഥയിലേക്ക് മാറ്റപ്പെടുക സാധ്യമല്ലെന്നോ?**

ഒരു നാളും സാധ്യമല്ല. മരണത്തിനു ശേഷം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സ്ഥാനങ്ങളിലേക്ക് മാറ്റപ്പെടുന്ന ആത്മാവിനെ സ്വസ്ഥാനങ്ങളിൽനിന്ന് മാറ്റുവാൻ കഴിയുകയില്ലാ എന്നാണ് ബൈബിൾ പറയുന്നത്. മരണത്തിനുശേഷമുള്ള വിശുദ്ധന്മാരുടെ പ്രാർത്ഥന മുഖാന്തരമല്ല, മരണത്തിനുമുമ്പുള്ള വ്യക്തിജീവിതത്തെ അടിസ്ഥാനമാക്കിയാണ് ഒരുവന് സ്വർഗപ്രാപ്തി ലഭിക്കുന്നത്..... ഒരിക്കൽ മരിക്കുകയും പിന്നെ ന്യായ വിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു (എബ്രായർ. 9:27). മനുഷ്യരായ മധ്യസ്ഥന്മാർ മുഖാന്തരം സ്വർഗ്ഗം നേടാം എന്ന വ്യാമോഹം ഉപേക്ഷിച്ച് ജീവിച്ചിരിക്കെത്തന്നെ യേശുക്രിസ്തു എന്ന ഏക മധ്യസ്ഥനിൽ -രക്ഷകനിൽ (1 തിമോ. 2:5) ശരണപ്പെടുക. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും (യോഹ. 11:40).

**അല്പ പാപത്തോടെ മരിക്കുന്നവർക്ക് പ്രത്യാശയ്ക്ക് വകയില്ല എന്നാണോ?**

ഒരുവൻ എപ്രകാരം ദൈവസന്നിധിയോട് അടുക്കണം, വ്യവസ്ഥപ്രകാരം എന്തെല്ലാം അനുസരിക്കണം, എങ്ങനെ



ജീവിക്കണം തുടങ്ങി അനേക കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കുന്ന ദൈവിക നിയമ ഗ്രന്ഥമാണ് ബൈബിൾ. ഇതിൽ ചെയ്യരുതാത്തത് ചെയ്യുന്നതും ചെയ്യേണ്ടുന്നതിനെ ചെയ്യാതിരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. ഇക്കൂട്ടരെ ദുഷ്ടന്മാർ എന്നാണ് ബൈബിൾ വിളിക്കുന്നത്. ഇവർ പാപത്തിൽ മരിക്കുന്നു എന്നും (യെഹെസ്കേൽ 3:19, യോഹന്നാൻ 8: 21) അവരുടെ മരണത്തിൽ ദൈവത്തിന് പ്രസാദമില്ലെന്നും (യെഹെ.33: 11) അവന്റെ സകല പ്രതീക്ഷകളും മരണത്തോട് നശിക്കുന്നുവെന്നും (സദൃ. വാക്യ.11:7.) ഓർമ്മ കൂടെയില്ലാതെ എന്നേക്കുമായി നശിക്കുന്നു (ഇയ്യോബ് 18:13, 21; സങ്കീ. 34:16; 49:10, 20)എന്നും വചനം വ്യക്തമായി പഠിപ്പിക്കുന്നു. ഈ അവസ്ഥയിൽനിന്ന് ഉദ്ധരിക്കുവാൻ യാതൊരു മാർഗവുമില്ല. മരണശേഷമല്ല, മരണത്തിനു മുമ്പാണ് പ്രത്യാശ ഉണ്ടാകേണ്ടത്.

**വിശുദ്ധന്മാരെ ഓർത്ത് പ്രാർത്ഥിക്കേണ്ടതല്ലേ?**

യോഹന്നാൻ 10:28; 11:25; റോമർ 8:1; യോഹന്നാൻ 5:24 തുടങ്ങിയ വാക്യങ്ങളിലെല്ലാം യേശുക്രിസ്തുവിനെ വിശ്വസിച്ച് (അനുസരിച്ച്) ജീവിച്ച വ്യക്തികളുടെ ആത്മാവ് സ്വർഗ്ഗരാജ്യം അവകാശമാക്കും എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇപ്രകാരം മരിച്ചവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിൽ കയറ്റാനായി ഭൂമിയിൽ ജീവിച്ചിരിക്കുന്നവർ പ്രാർത്ഥിക്കുകയും കർമ്മങ്ങൾ ചെയ്യുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെന്ത്? ഈ പ്രാർത്ഥനകൾകൊണ്ടോ കർമ്മങ്ങൾകൊണ്ടോ എന്തെങ്കിലും പ്രയോജനം ഉണ്ടാകുമെന്ന് ബൈബിളിൽ ഒരിടത്തും പ്രസ്താവിച്ചിട്ടില്ലല്ലോ.

**ശ്ലീഹന്മാരുടെ കാലം മുതൽ ആചരിച്ചും പഠിപ്പിച്ചും പോരുന്ന വസ്തുത (ബെസ്പുർകാന- ശുദ്ധീകരണസ്ഥലം) ക്കെതിരായി ട്ടുള്ള നിലപാട് പുനഃപരിശോധിക്കേണ്ടതല്ല?**

ബൈബിൾ പരിശോധിച്ചിട്ട് ഏതെങ്കിലും ഒരു ശ്ലീഹ ഇങ്ങനെ ഒരു വസ്തുതയെക്കുറിച്ച് പഠിപ്പിച്ചതായി കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല. അഥവാ അങ്ങനെ ആരെങ്കിലും പഠിപ്പിച്ചിട്ടുണ്ടെങ്കിൽ ഏത് ശ്ലീഹാ, എപ്പോൾ എങ്ങനെ പഠിപ്പിച്ചു എന്ന് ചോദ്യകർത്താവ് വിശദമാക്കേണ്ടതുണ്ട്.

യേശു ഭൂമിയിലായിരുന്നപ്പോൾ സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും പറയുകയും പഠിപ്പിക്കുകയും ചെയ്തിട്ടുണ്ടല്ലോ (ലൂക്കോസ് 16: 19-31). എന്നാൽ ഒരിക്കൽപോലും ബെസ്പുർകാന എന്നൊന്നുള്ളതായി സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല. മരിച്ചവരുടെ ആത്മാക്കളുടെ പേരിൽ പണസമ്പാദനം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ആലോചിച്ച് ആസൂത്രണം ചെയ്ത ഒരു പദ്ധതി മാത്രമാണിത്. പ്രത്യുത ദൈവവചനത്തിലുള്ളതല്ല.

1513 ൽ പാപ്പായായ-ലെയോ പത്താമൻ റോമിലെ പത്രോസിന്റെ പള്ളിയുടെ പണി പൂർത്തിയാക്കുവാൻ തീരുമാനിച്ചു. ഇതിന്റെ പണി ജൂലിയസ് ആരംഭിച്ചതായിരുന്നു. ഇതിനാവശ്യമായ വമ്പിച്ച ദ്രവ്യം ശേഖരിക്കുന്നതിനായി പാപ്പാ യൂറോപ്പ് ഭൂഖണ്ഡം മുഴുവനും പാപമോചന ചീട്ടുകൾ വിൽക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തു. ഇതിനായി എല്ലാ രാജ്യങ്ങളിലും പോപ്പിന്റെ പ്രതിനിധികൾ നിയമിക്കപ്പെട്ടു. അവരുടെ മേധാവി ജോൺ ടെറ്റ്സൽ എന്ന ഡോമിനിക്കൻ സന്യാസിയായിരുന്നു. ദ്രവ്യമുള്ളവർക്ക് ഏതു കുറ്റത്തിനും പാപ്പയുടെ പാപമോചന ചീട്ടുകൾ സുലഭമായി ലഭിച്ചുവന്നു. പിടിച്ചുപറി, കൊള്ള, ലഹള, പരസംഗം, മോഷണം, കൊലപാതകം മുതലായ ഓരോ കുറ്റത്തിനും വെവ്വേറെ പാപമോചന ചീട്ടുകൾ അനുവദിക്കപ്പെട്ടിരുന്നു. പാപത്തിന്റെ ഗുരുലഘുത്വം അനുസരിച്ച് ചീട്ടുകൾക്ക് വില ക്ലിപ്തപ്പെടുത്തിയിരുന്നു. മരിച്ചവർക്കായി സംഭാവന നൽകുന്ന നാണയങ്ങൾ കാണിക്കപ്പെട്ടിയിൽ "ക്ണിങ്ങ്" എന്നു പതിക്കുന്ന മാത്രയിൽ ബെസ്പുർകാനയിൽ കിടന്ന് യാതന അനുഭവിക്കുന്ന ആത്മാക്കൾ പറുദീസയിൽ പറന്നെത്തുമെന്ന ഭീമൻ വ്യാജോക്തി ടെറ്റ്സൽ പ്രചരിപ്പിച്ചു. ജോൺ ടെറ്റ്സലിന്റെയും അനുചരന്മാരുടെയും മുമ്പിൽ ഉണ്ടായിരുന്നത് എത്രയും വമ്പിച്ച ഒരു പരിപാടിയായിരുന്നു. ദ്രവ്യശേഖരണം നടത്താനുള്ള ഓരോ പട്ടണത്തിലും ഗ്രാമത്തിലും ആളുകളെ അയച്ച് അവിടെയുള്ള കുടുംബങ്ങളുടെ ലിസ്റ്റും ധനസ്ഥിതിയുടെ വിവരവും അവർ മുൻകൂട്ടി തയ്യാറാക്കിച്ചിരുന്നു. രൂപങ്ങൾ, കുരിശുകൾ, പുരോഹിത വസ്തുക്കൾ മുതലായവ നിർമ്മിക്കുന്നത് എത്ര വലിയ വ്യവസായമായിരുന്നുവോ അതുപോലെതന്നെ പാപമോചന



ചീട്ടുകൾ ഉണ്ടാക്കുന്നതും അവ ചാക്കുകളിലാക്കി കപ്പലുകളിലും മറ്റും കയറ്റി അയയ്ക്കുന്നതും എത്ര ഭീമമായ തൊഴിലായിരിക്കുമെന്ന് ഊഹിച്ചാൽ മതിയാകും. ഇത് ചരിത്രത്തിന്റെ ഒരു വശം. മറുവശത്തെക്കുറിച്ച് കത്തോലിക്കാ പുരോഹിതനും ചരിത്രകാരനുമായ കർദിനാൾ ന്യൂമേൻ അദ്ദേഹത്തിന്റെ Essay on the development of christian doctrine എന്ന പ്രബന്ധത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ധൂപം കാട്ടുക, മെഴുകുതിരി കത്തിക്കുക, നേർച്ചാർപ്പണങ്ങൾ നടത്തുക, പൗരോഹിത്യ വസ്ത്രധാരണം, പ്രതിമകൾ, മരണാനന്തര ചടങ്ങുകൾ മുതലായവയെല്ലാം പിൽക്കാലത്ത് ജാതികളിൽനിന്നും സ്വീകരിച്ചിട്ടുള്ളവയാണ്.

റവ. ഡോ. എൻ. ജെ. ചിറ്റൂരിന്റെ ബൈബിൾ വിഷയങ്ങൾ (ചരിത്രം) എന്ന പുസ്തകം 211-ാം പേജിൽ ഇങ്ങനെ കാണുന്നു. മധ്യശതകങ്ങളിലാണ് ശുദ്ധീകരണത്തെക്കുറിച്ചുള്ള പഠനം രൂപംകൊണ്ടത്. വിശുദ്ധ ഗ്രന്ഥത്തിൽ (ബൈബിൾ) ശുദ്ധീകരണ സ്ഥലത്തെക്കുറിച്ച് വ്യക്തമായ സൂചന ഒന്നും ഇല്ല.

ശുദ്ധീകരണസ്ഥലത്തെക്കുറിച്ച് പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നവർപോലും ഇക്കാര്യം നഗ്നമായി സമ്മതിച്ചിരിക്കെ ആത്മാക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥനയുടേയും കുർബാനയുടേയും വണക്കമാസത്തിന്റെയും അർത്ഥം എന്താണ്? ഒരു പുനർചിന്തനത്തിന് ഇനിയെങ്കിലും തയ്യാറാകുമോ?

**മരണാനന്തരം നടത്തുന്ന പ്രാർത്ഥനകൾ യാതൊരു പ്രയോജനവും ചെയ്യുകയില്ലേ?**

ഇല്ല. മരണാനന്തര കർമ്മങ്ങൾകൊണ്ട് എന്തെങ്കിലും ഫലം സിദ്ധിക്കുമായിരുന്നെങ്കിൽ ''അല്ലയോ ധനവാനേ, നിന്റെ സഹോദരന്മാർ നിനക്കുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുകയും പുരോഹിതർ ധൂപക്കുറ്റി വീശുവാനും തുടങ്ങട്ടെ. അതുവഴി യാതനയിൽ നിന്നും നിനക്കു മോചനം നേടാം" എന്ന് അബ്രഹാം പിതാവ് പറഞ്ഞേനെ. എന്നാൽ അങ്ങനെ പറഞ്ഞില്ലെന്നുമാത്രമല്ല 'ഒരു പ്രാർത്ഥനയ്ക്കും അവനെ രക്ഷിക്കുവാൻ കഴിഞ്ഞില്ലെന്നും' വചനം വ്യക്തമാക്കുന്നു (ലൂക്കോസ് 16:19,31).

അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ട തിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2കൊരി. 5:10; റോമ 14: 10, 12). 'മറച്ചു വച്ചത് ഒന്നും വെളിപ്പെടാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കുകയില്ല' (മത്തായി 10: 28; മർക്കോസ് 4:22). എന്നാൽ മനുഷ്യൻ പറയുന്ന ഏതു നിസാരവാക്കിനും ന്യായവിധിദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും (മത്തായി 12:36) അങ്ങനെയെങ്കിൽ-പ്രവർത്തിക്കൊത്ത വിധിയുണ്ടാകുമെന്നിരിക്കെ (സകലതും വെളുപ്പെടേണ്ടതാകയാൽ ഒന്നും ഇല്ലാതാക്കുവാൻ ഒരു വിധത്തിലും കഴിയുന്നതല്ല.) മരണാനന്തരം നടത്തുന്ന പ്രാർത്ഥനകൊണ്ട് എന്തു പ്രയോജനം. മരണാനന്തരം പാപമോചനം സാധ്യമാകുന്നുവെങ്കിൽ (അങ്ങനെ ബൈബിൾ പഠിപ്പിക്കുന്നില്ല) ന്യായവിധി എന്നത് വെറുമൊരു പ്രഹസനവും തട്ടിപ്പും വാസ്തവമായി ജീവിച്ച് മരിച്ച വ്യക്തികളോടുള്ള അവഹേളനവുമായി അധഃപതിക്കുകയല്ലേ ചെയ്യുന്നത്? മനുഷ്യനെപ്പോലെ ദൈവം ഒരു കൈക്കൂലിക്കാരനെന്നോ? ഒരുവനെ വീണ്ടെടുക്കുവാനോ വീണ്ടെടുപ്പുവില കൊടുക്കുവാനോ ആർക്കും കഴിയില്ല എന്ന് വചനം വ്യക്തമാക്കുന്നു (സങ്കീ. 49:7). അതിനെതിരായ ഉപദേശം പൈശാചികമല്ലെന്ന് എങ്ങനെ പറയാൻ കഴിയും.

മരിച്ചവരെ ന്യായം വിധിക്കുവാൻ ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷമാണ് സ്വർഗ്ഗത്തിലേക്കോ നരകത്തിലേക്കോ മാറ്റപ്പെടുന്നത്. ആ ന്യായവിധി ഇതുവരെയും നടന്നിട്ടില്ല എന്നിരിക്കെ ഇപ്പോൾ സ്വർഗപ്രാപ്തി സാധ്യമല്ലല്ലോ. യാതനാസ്ഥലത്തുനിന്നുള്ള മോചനമാണ് ഇപ്പോൾ നടക്കുന്നതെങ്കിൽ (പാപികളെല്ലാം ശുദ്ധിമാന്മാരായി തീരുന്ന പക്ഷം) ന്യായവിധിക്കുശേഷം ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത (ജീവനുള്ള ദൈവത്തിന്റെ എഴുതപ്പെട്ട വചനമനുസരിച്ച് ഭൂമിയിൽ ജീവിച്ചിരിക്കുന്നവരുടെ പേരുകൾ മാത്രമാണെല്ലോ ജീവ പുസ്തകത്തിൽ കാണുന്നത്) ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടുമെന്ന ബൈബിൾ പ്രസ്താവന (വെളിപ്പാട് 20:11, 15; മർക്കോസ് 9:48,49) അസത്യം എന്നല്ലേ വരുകയുള്ളൂ.



## കർത്താവിന്റെ പ്രാർത്ഥന എന്തുകൊണ്ട് നിത്യപ്രാർത്ഥനയിൽ ഉൾപ്പെടുത്തുന്നില്ല?

മത്തായി ആറാം അദ്ധ്യായത്തിലാണ് 'കർത്താവിന്റെ പ്രാർത്ഥന' എന്ന പേരിൽ അറിയപ്പെടുന്ന ഭാഗം വിവരിച്ചിരിക്കുന്നത്. അവിടെ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ" (മത്തായി 6: 9-13).

ഇതു കർത്താവിന്റെ പ്രാർത്ഥനയല്ല എന്ന സത്യം തുറന്നു പറയട്ടെ. കർത്താവിന്റെ പ്രാർത്ഥന എന്ന രീതിയിൽ അതു കണക്കാക്കണമെന്ന ഉദ്ദേശ്യവും യേശുവിനില്ലായിരുന്നു. വചനം ഒരിക്കലും ഇത് കർത്താവിന്റെ പ്രർത്ഥന എന്ന രീതിയിൽ പഠിപ്പിക്കുന്നില്ല. എന്നാൽ ഈ വാക്യങ്ങളുടെ ഉദ്ദേശം എന്താണ്? എന്തിനു വേണ്ടിയാണ് കർത്താവ് അതു പഠിപ്പിച്ചത്?

ഈ സന്ദർഭത്തിൽ ക്രിസ്തു, ശിഷ്യന്മാരെ ആരാധന എങ്ങനെയായിരിക്കണം എന്നു പഠിപ്പിക്കുന്നു. ആരാധനയുടെ ഭാഗമാണല്ലോ പ്രാർത്ഥന. ആദ്യം അവൻ കപടവിശ്വാസികളുടെ വഴിപാടുകളിൽ അടങ്ങിയ ഉദ്ദേശ്യത്തെ കുറ്റപ്പെടുത്തുന്നുണ്ട്. ഭിക്ഷ കൊടുക്കുന്നവരിൽ അധികം പേരും മനുഷ്യരെ കാണിക്കേണ്ടതിന് എല്ലാവരും കാണത്തക്കവണ്ണം ആണ് കൊടുക്കുന്നത്. ചിലർ ദാനങ്ങൾ, സംഭാവനകൾ എന്നിവ കൊടുക്കുന്നതിനു മുൻപ് കാഹളം ഊതി ആളുകളെ വിളിച്ചറിയിക്കാറുണ്ട്.

തന്നെയുമല്ല, പരസ്യമായി, ദീഘമായും ആവർത്തിച്ചും ഉച്ചത്തിൽ പ്രാർത്ഥിക്കുന്നവർ മനുഷ്യരെ കേൾപ്പിക്കേണ്ടതിനു വൃഥാ ജല്പനം ചെയ്യുന്നു എന്നാണ് കർത്താവ് പറഞ്ഞത്. അവൻ അവരോടു പറഞ്ഞതു: നീയോ അറയിൽ കടന്നു വാതിൽ അടച്ചു

രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം തരും; പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലൊ അവർക്കു തോന്നുന്നത്. നിങ്ങൾക്ക് ആവശ്യമുള്ളതു എന്തെന്നു നിങ്ങൾ യാചിക്കുന്നതിനു മുൻപുതന്നെ ദൈവത്തിനറിയാമല്ലൊ.

ഇതെല്ലാം പറഞ്ഞശേഷം യേശു, തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കേണ്ടത് എങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ട്. ഇതു കർത്താവിന്റെ പ്രാർത്ഥനയായിരുന്നില്ല; മറിച്ച് ഒരു മാതൃകാ പ്രാർത്ഥനയായിരുന്നു. കർത്താവു പറഞ്ഞത് ഇതുപോലെ പ്രാർത്ഥിപ്പിൻ എന്നാണ്. കർത്താവിന്റെ പ്രാർത്ഥന യോഹന്നാൻ പതിനേഴാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. തന്റെ ശിഷ്യന്മാർ ഐകമത്യത്തിൽത്തന്നെ നിലനിൽക്കേണ്ടതിനും തന്നിൽ വിശ്വസിക്കുവാനിരിക്കുന്നവർ ഒന്നായിരിക്കേണ്ടതിനും കർത്താവു പ്രാർത്ഥിക്കുന്നുണ്ട്. ലോകത്തുള്ള ആളുകൾ യേശുക്രിസ്തുവിൽ വിശ്വസിക്കേണ്ടതിന് അവരെല്ലാവരും ഒന്നായിരിക്കണം. അതായിരുന്നു ക്രിസ്തുവിന്റെ പ്രാർത്ഥന.

മത്തായി ആറാം അദ്ധ്യായത്തിലെ പ്രാർത്ഥന കർത്താവിന്റെ പ്രാർത്ഥനയല്ലെന്നതിനു പുറമെ നാം അതു പ്രാർത്ഥിക്കണമെന്നും അവൻ ആഗ്രഹിച്ചിരുന്നില്ല. ആ ഭാഗം താഴോട്ടു വായിച്ചാൽ അതു ആ കാലത്തിനു യോജിച്ച ഒന്നായിരുന്നു എന്നും നമ്മുടെ കാലത്തിനുള്ളതല്ലെന്നും വ്യക്തമാകും. എന്തുകൊണ്ടാണ് എന്നതിനു ചില കാരണങ്ങൾ നമുക്ക് പരിഗണിക്കാം.

1. യോഹന്നാൻ 14: 13 വായിച്ചാൽ കർത്താവിന്റെ പ്രസ്താവന യനുസരിച്ച് സ്വർഗ്ഗാരോഹണശേഷം തന്റെ രാജ്യം അവൻ സ്ഥാപിക്കും എന്നരുളപ്പാടുണ്ടായിരുന്നല്ലോ. തന്നെയുമല്ല, ശിഷ്യന്മാരോടു പ്രാർത്ഥിപ്പാൻ അന്ന് ആവശ്യപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനോടു പ്രാർത്ഥിക്കാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നു പറഞ്ഞിരുന്നില്ല.

2. കർത്താവു തന്റെ ആത്മീയ രാജ്യം സ്ഥാപിക്കുന്നതിനു മുൻപാണ് മത്തായി ആറാം അദ്ധ്യായത്തിൽ പ്രാർത്ഥിക്കുവാൻ



പഠിപ്പിക്കുന്നത്. രാജ്യത്തെ കുറിച്ച് പ്രവചിക്കയും വാഗ്ദാനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ അതു വരേണ്ടിയിരുന്നു. അതുകൊണ്ടാണ് 'അവന്റെ രാജ്യം വരേണമേ' എന്നു പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത്. ഇന്നു നമ്മുടെ കാലത്ത് ആ പ്രസ്താവന അനുയോജ്യമല്ല. കാരണം, യേശു മരിച്ച്, ഉയിർത്തെഴുന്നേറ്റശേഷം അധികനാൾ കഴിയുന്നതിനു മുൻപ് ദൈവരാജ്യമായ അവന്റെ സഭ ആരംഭിച്ചു കഴിഞ്ഞു. എ.ഡി. 33 ൽ അതു യെരൂശലേമിൽ ആണ് ആരംഭിച്ചത്.

ക്രിസ്തുവിൽ വിശ്വസിക്കുന്ന പലരും ഇതു കർത്താവിന്റെ പ്രാർത്ഥനയെന്ന ധാരണയാൽ വാക്കു തെറ്റാതെ ആവർത്തിച്ചാവർത്തിച്ച് ദിവസവും ഉരുവിടുന്നുണ്ട്. കർത്താവിന്റെ രാജ്യം ആരംഭിച്ച് രണ്ടായിരം വർഷം കഴിഞ്ഞിട്ടും 'രാജ്യം വരേണമേ' എന്ന് ഇന്നും പ്രാർത്ഥിക്കുന്നത് അനുചിതം തന്നെയാണ്. ഒരാൾ തനിക്ക് ഒരു ഭാര്യയെ കിട്ടേണം എന്നു പ്രാർത്ഥിച്ച് ഭാര്യയെ ലഭിച്ച് വർഷങ്ങൾക്കുശേഷവും ഭാര്യയെ തരേണമേ എന്നു പ്രാർത്ഥിച്ചാൽ അതു തെറ്റെന്നല്ലാതെ എന്തുപറയാനാണ്? അതുപോലെ തന്നെയാണ്, വന്നുകഴിഞ്ഞ രാജ്യം ഇനിയും വരേണമേ എന്നു പ്രാർത്ഥിക്കുന്നത്. രാജ്യത്തിന്റെ വ്യാപ്തിക്കും വളർച്ചയ്ക്കും വേണ്ടി പ്രാർത്ഥിക്കാം.

മാതൃകാ പ്രാർത്ഥനയിലെ ശേഷം ഭാഗങ്ങൾ ചുരുക്കവും കാര്യമാത്രപ്രസക്തവുമാണ്. ഭൗതികമായ ആവശ്യങ്ങൾ ഓരോരുത്തരും ദൈവത്തോട് അറിയിക്കണം. പ്രാർത്ഥിക്കുന്നയാൾ, തനിക്കെതിരെ സംഭവിച്ച പാപങ്ങൾ ക്ഷമിക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ സ്വർഗ്ഗസ്ഥനായ പിതാവ് അയാളുടെ തെറ്റു പൊറുക്കയുള്ളു.

ഈ പ്രാർത്ഥനയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശിഷ്യന്മാരുടെ കാലത്തിനു യോജിച്ചതായിരുന്നെങ്കിലും ചില വസ്തുതകൾ നമ്മെ അതു പഠിപ്പിക്കുന്നുണ്ട്. നാം അതു വാക്യാനുസാരമായി ആവർത്തിക്കാതെ അവയുടെ അർത്ഥം മനസ്സിലാക്കി, ഉള്ളടക്കം ശ്രദ്ധയോടെ നോക്കി മനസ്സിലാക്കണം. ജല്പനം യേശു ഇഷ്ടപ്പെടുന്നില്ല. വെറും ഒരു ചടങ്ങായി പ്രാർത്ഥന മാറരുത്. ഈ പ്രാർത്ഥന അതുപോലെ തന്നെ ചൊല്ലുന്ന

വ്യക്തിയായാലും സമൂഹമായാലും വചനത്തിലുള്ള അജ്ഞത നിമിത്തമാണ് അങ്ങനെ ചെയ്യുന്നത്.

ക്രിസ്തുവിന്റെ നിയമത്തിൻ കീഴിലാണല്ലോ നാം ഇന്നു ജീവിക്കുന്നത്. നമ്മളും പ്രാർത്ഥിക്കേണ്ട മാതൃകാ പ്രാർത്ഥന ഉണ്ട് (പ്രവൃത്തി 2:42; 1 തെസലൊനികൃർ 5: 17; ഫിലിപ്പിയർ 4: 6; യാക്കോബ് 5:16) ദൈവമക്കൾക്കാണ് പ്രാർത്ഥിക്കുവാനുള്ള അവകാശം ഉള്ളത്. പിതാവിന്റെ ഇഷ്ടം അനുസരിച്ച് പ്രാർത്ഥിച്ചാൽ നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും (1 യോഹന്നാൻ 5: 14,15). അവന്റെ വാഗ്ദാനത്തിനെതിരായോ അവനിഷ്ടമില്ലാത്ത ഏതെങ്കിലും ഒന്നോ നാം ചോദിക്കരുത്. നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞുകൊണ്ട്, ദൈവത്തെ മഹത്വപ്പെടുത്തി ഭൗതികമായും ആത്മീയമായും ദൈവാനുഗ്രങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ നാം അപേക്ഷിക്കണം.

നിങ്ങൾ എങ്ങനെയാണ് പ്രാർത്ഥിക്കുന്നത്? ആരെങ്കിലും എഴുതിവച്ച പ്രാർത്ഥനയാണോ നിങ്ങൾ ചൊല്ലുന്നത്? അതോ കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന അങ്ങനെതന്നെ പ്രാർത്ഥിക്കയാണോ? ദൈവവചനം അനുസരിച്ച് അവന്റെ ഇഷ്ടപ്രകാരം പ്രാർത്ഥിക്കുവാൻ നിങ്ങൾ മനസ്സുവെക്കുക.

### കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥന വചനവിരുദ്ധമാകുന്ന തെങ്ങനെ?

യെഹെസ്കേൽ 8:16 ശ്രദ്ധിക്കുക. യഹോവയുടെ മന്ദിരത്തിന്റെ വാതിൽക്കൽ മണ്ഡപത്തിനും യാഗപീഠത്തിനും നടുവേ ഏകദേശം ഇരുപത്തഞ്ചു പുരുഷന്മാർ തങ്ങളുടെ മുതുക് യഹോവയുടെ മന്ദിരത്തിനുനേരെയും മുഖം കിഴക്കോട്ടു തിരിച്ചുകൊണ്ട് നിന്നിരുന്നു. അവർ കിഴക്കോട്ടു നോക്കി സൂര്യനെ നമസ്കരിക്കുകയായിരുന്നു. കിഴക്കോട്ടു തിരിഞ്ഞുള്ള പ്രാർത്ഥന തെറ്റാണെന്ന് വ്യക്തമാക്കിക്കൊണ്ട് 18-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും, എന്റെ കണ്ണ് ആദരിക്കയില്ല, ഞാൻ കരുണ കാണിക്കയുമില്ല. അവർ അത്യുച്ചത്തിൽ എന്നോട് നിലവിളിച്ചാലും ഞാൻ അപേക്ഷ കേൾക്കുകയില്ല. ആകയാൽ ദൈവത്തിന്റെ ക്രോധം വരുന്നതിന് മുമ്പേ അനാചാരങ്ങൾ ഉപേക്ഷിച്ച് ദൈവവചനം അനുസരിപ്പാൻ ഉത്സാഹിപ്പിൻ.



### പത്രോസാകുന്ന പാറമേൽ സഭയെ പണിയുമെന്ന് വചനത്തിൽ (മത്തായി 16:18) പറഞ്ഞിട്ടും പത്രോസിനെ അടിസ്ഥാനമായും ഒന്നാമത്തെ പോപ്പായും അംഗീകരിക്കാത്തതെന്തുകൊണ്ട്?

'ഞാൻ എന്റെ സഭയെ പണിയും' (മത്തായി 16: 18). 'കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു (അപ്പോ. പ്ര. 2:47). അപ്പോൾ സഭ ആരുടേതാണ്? യേശുക്രിസ്തുവിന്റെ വക. സഭാംഗമാകാനുള്ള യോഗ്യത എന്താണ്? രക്ഷിക്കപ്പെടുക.

**യഥാർത്ഥക്രിസ്തീയസഭ:** ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു എന്ന കാരണത്താലോ സഭ പഠിപ്പിക്കുന്ന മാമോദീസ ഏൽക്കുന്നതുകൊണ്ടോ ക്രിസ്തീയമാണെന്ന് കരുതുന്ന ചില പേരുകൾ ഇട്ടതുകൊണ്ടോ ഒരിക്കലും ഒരു പാപിയായ വ്യക്തി പാപമോചനം പ്രാപിച്ചവരുടെ കൂട്ടമായ ക്രിസ്തുസഭയിലെ അംഗമാകുന്നില്ല. യേശുക്രിസ്തു ഒഴികെ സഭയുടെ സ്ഥാപകൻ എന്ന് അവകാശപ്പെടുവാൻ ആരും തന്നെ ഭൂമിയിലില്ല (മത്തായി 16: 18). സഭ ക്രിസ്തുവിന്റേതാണ്. താൻ അതിനെ പണിയുന്നു എന്നു മാത്രമല്ല അവൻ സഭയെ സ്നേഹിച്ചു അവന്റെ സ്വന്ത രക്തത്താൽ അതിനെ വിലയ്ക്കുവാങ്ങി എന്നുമാണ് എഫെസ്യർ 5: 25, 26 ലും പ്രവൃത്തി 20: 28 ലും പറഞ്ഞിരിക്കുന്നത്.

### സഭയുടെ അടിസ്ഥാനം ആരാണ്?

മത്തായി 16: 18 ൽ ഈ പാറമേൽ എന്നുള്ളതു സൂക്ഷ്മമായി പഠിച്ചില്ലെങ്കിൽ നാം വഞ്ചിതരാകും. പത്രോസിനോട് പറഞ്ഞതുകൊണ്ട് പത്രോസാണ് അടിസ്ഥാനമെന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. പത്രോസ് ഒന്നാമത്തെ പോപ്പായിരുന്നു എന്നും ഭൂമിയിൽ കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം പത്രോസിൽനിന്നും മറ്റു പോപ്പുമാർക്കു കൈമാറിയിരിക്കുന്നു എന്നും അവർ പഠിപ്പിക്കുന്നു. മത്തായി 10: 18 ൽ നീ പത്രോസ് ആകുന്നു എന്നാണ് എഴുതിയിരിക്കുന്നത്. മൂലഭാഷയിൽ (ഗ്രീക്കിൽ) അവിടെ പ്രയോഗിച്ചിരിക്കുന്ന പദത്തിന്റെ അർത്ഥം 'കൽക്കഷണം' എന്നാണ്. തുടർന്ന് ഈ പാറമേൽ എന്നുള്ളിടത്ത് പ്രയോഗിച്ചിരിക്കുന്നപദം 'പെട്രാ' എന്നുമാണ്.

നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. ഈ രണ്ടു ലഘുവാചകങ്ങളുടെ ഇടയിലായിക്കാണുന്ന അർത്ഥവിരാമം സൂക്ഷിക്കുക. വാചകങ്ങൾ ചെറുതെങ്കിലും വളരെ അർത്ഥഗാംഭീര്യമുള്ളതാണ്. നിത്യത അറുതി ഇതിൽ നിഗൂഢനം ചെയ്യപ്പെട്ടിട്ടുണ്ട്. പത്രോസ്, പാറ, സഭ ഇവയ്ക്ക് മൂന്നിനും ഗ്രീക്കിൽ പ്രത്യേക പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അതും ശ്രദ്ധേയമാണ്. പത്രോസ് പെട്രോസ് (Petros, a piece of rock larger than a stone), പാറ പെട്ര (Petra, mass of rock),സഭയ്ക്ക് എക്ലെയിസിയാ എന്നുമാണ്. അങ്ങനെ വരുമ്പോൾ ആ വാക്യം നീ പെട്രോസ് ആകുന്നു. ഈ 'പെട്രാ'മേൽ ഞാൻ എന്റെ 'എക്ലെയിസിയാ' പണിയും എന്നാണ് വരേണ്ടത്. പെട്രാമേൽ എന്നാകയാൽ  പെട്രോസിൻമേലല്ല എന്ന സത്യം വ്യക്തമാകുന്നുണ്ടല്ലോ. പെട്രാമേൽ 'പള്ളി' പണിയും എന്നുമല്ല എക്ലെയിസിയ പണിയും എന്നാണ്. വേറെ വിധത്തിൽ പറഞ്ഞാൽ You are Petros, a piece of rock, the rock nature and you shall be built upon petra the essential Rock, the Rock Foundation. മത്തായി 7:24, 25; 16:18; 27:60; മാർക്കോസ് 15: 46; ലൂക്കോസ് 6:48; 8: 6, 13; റോമർ 9: 33; 1 കൊരി. 10:4; 1 പത്രോസ് 2:7 ഈ ഭാഗങ്ങളിലെല്ലാം മൂലഭാഷയിൽ പെട്രാ എന്ന പദമാണ്  ഉപയോഗിച്ചിരിക്കുന്നത്. അത് ക്രിസ്തുവിനെ  കുറിക്കുന്നതുമാണ്. തൊട്ടു മുൻപിലത്തെ വാകൃത്തിൽ(10:17) പത്രോസ് ഏറ്റുപറഞ്ഞ് അംഗീകരിച്ച ദൈവപുത്രനായ യേശുക്രിസ്തുവാണ് ആ പാറ. അവനാണ് സഭയുടെ അടിസ്ഥാനം (1 കൊരി. 3:11; 10: 4; 1 പത്രോ. 2: 4).മത്തായി 16: 19 ൽ ഭൂമിയിൽ കെട്ടുക, അഴിക്കുക എന്നതിന്റെ അധികാരം പത്രോസിനു കൊടുക്കുന്ന സൂചന കാണുന്നുണ്ട്. സഭയിൽ എന്തു വിലക്കപ്പെട്ടിരിക്കുന്നു. എന്ത് അനുവദിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കാനുള്ള അനുവാദമാണിത്. മത്തായി 18:18 ൽ ഈ അധികാരം മറ്റ് ശിഷ്യന്മാർക്കും നല്കിയതായി കാണുന്നു. അപ്പോസ്തല പ്രവൃത്തികളിലോ ലേഖനങ്ങളിലോ പത്രോസാണ് അടിസ്ഥാനം എന്നു പറഞ്ഞിട്ടില്ല എന്നു മാത്രമല്ല, 1 പത്രോസ് 2: 4-8 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവാണ് അടിസ്ഥാനമെന്ന് വ്യക്തമാക്കിയിരിക്കുന്നു. 1 പത്രോസ് 5:1 ൽ പത്രോസ് പല മൂപ്പന്മാരിൽ ഒരു കൂട്ടു



മൂപ്പൻ മാത്രം എന്നു സമ്മതിക്കയും ചെയ്തിരിക്കുന്നു. ക്രിസ്തു ഇടയശ്രേഷ്ഠനെന്നും ചേർത്തു പറഞ്ഞിരിക്കുന്നു. പൗലോസ് പഠിപ്പിച്ചതും അതാണ് (എഫെസ്യർ 2: 20). മാത്രവുമല്ല, പൗലോസ് പത്രോസിനെ പരമാധികാരിയായി അഥവാ പോപ്പായി അംഗീകരിച്ചുമില്ല എന്ന് ഗലാത്യർ 2 ൽ വ്യക്തമാക്കിയിരിക്കുന്നു.

**ഏതെങ്കിലും രൂപത്തേയോ ചിത്രത്തേയോ തിരുശേഷിപ്പിനേയോ വണങ്ങുന്നത് തെറ്റാണെന്നും വിഗ്രഹം ഇരിക്കുന്ന സ്ഥലം ക്രിസ്തീയ ദൈവാലയമല്ലെന്നും പറയാനുള്ള കാരണം?**

ജീവനില്ലാത്ത രൂപങ്ങളുടെയും (വിഗ്രഹം) ചിത്രങ്ങളുടെയും മുമ്പിൽ വണങ്ങുന്നത് കഠിന പാപമാണെന്ന് ദൈവവചനം വ്യക്തമായി പറയുന്നു. യാതൊരു വിഗ്രഹത്തേയും നമസ്കരിക്കരുതെന്നും ദൂതനേപ്പോലും നമസ്കരിക്കാൻ പാടില്ലെന്നും ദൈവാലയങ്ങളും വിഗ്രഹങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പുറ. 20: 4,5; ലേവ്യ. 26:1; യെശയ്യാവ് 42: 8; യോഹ. 5: 21; വെളിപ്പാട് 22: 8,9. വിഗ്രഹാരാധന പാപമാണ്, അത് സാത്താന്യമാണ്. തിരുശേഷിപ്പ് എന്ന ആശയം ദൈവവചനത്തിൽ നിന്നുള്ളതല്ല. പഴയനിയമത്തിലോ പുതിയനിയമത്തിലോ ഏതെങ്കിലും വിശുദ്ധന്മാരുടെ ശരീരഭാഗങ്ങൾ, വസ്ത്രങ്ങൾ പൊതുവണക്കത്തിനായി വച്ചിട്ടുണ്ടോ? എവിടെയെങ്കിലും-ആരെങ്കിലും മരിച്ചവരോടോ അവരുടെ അവശിഷ്ടങ്ങളോടോ പ്രാർത്ഥിച്ചിട്ടുണ്ടോ? ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന് മരിച്ചവരോട് പറഞ്ഞിട്ടുണ്ടോ. ഇത്തരത്തിലുള്ള ആരാധനകൾ ക്രിസ്ത്യാനികൾ ബൈബിൾ പഠിക്കാതെപോയതിന്റെ പരിണിത ഫലമാണ്. മരിച്ചുപോയ വിശുദ്ധന്മാർ ദൈവമുമ്പാകെ നമുക്കുവേണ്ടി മധ്യസ്ഥം വഹിക്കുന്നുവെന്നാണ് പട്ടത്വസഭകൾ പഠിപ്പിക്കുന്നത്. പക്ഷെ ഈ വിഷയത്തിൽ ദൈവവചനം പറയുന്നത് ദൈവത്തിനും മനുഷ്യനുമിടയിൽ ഒരു മധ്യസ്ഥനേയുള്ളുവെന്നാണ്. അത് യേശുക്രിസ്തുവാണ് (1 തിമോ 2: 5, 6). പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. ഞങ്ങൾ നിങ്ങളെ അറിയിച്ചതിന് വിപരീതമായി ഞങ്ങൾതന്നെയോ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻതന്നെയോ സുവിശേഷമറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ (ഗലാത്യർ 1:8).

അങ്ങനെയെങ്കിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, മരിച്ചവരോടുള്ള പ്രാർത്ഥന തിരുശേഷിപ്പുവണങ്ങൽ, ധൂപപ്രാർത്ഥന തുടങ്ങി വചനവിരുദ്ധമായ ഉപദേശങ്ങൾ പഠിപ്പിക്കുന്നവരും ആചരിക്കുന്നവരും ഒരുപോലെ ശപിക്കപ്പെട്ടവരായിത്തീരുന്നു.

**നിങ്ങൾ ദൈവത്തിന്റെ ഒരു രൂപവും കണ്ടിട്ടില്ലായെന്ന് പഴയനിയമത്തിൽ പറയുമ്പോൾ യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽ ദൈവത്തെ കണ്ണുകൊണ്ട് കാണുകയും കൈകൊണ്ട് സ്പർശിക്കുകയും ചെയ്തു എന്നു കാണുന്നു. ദൈവത്തെ കാണുകയും ദൈവത്തിന്റെ സ്വരം കേൾക്കുകയും ദൈവത്തെ സ്പർശിച്ചറിയുകയും ചെയ്തിട്ട് ഇനിയും ദൈവത്തെ കണ്ടില്ല എന്നു പറയുന്നതും അവന്റെ രൂപം ഉണ്ടാക്കരുത് എന്നു പറയുന്നതും തെറ്റല്ലേ. ഇന്ന് ടൂറിൻകച്ചയിലൂടെയും ഡാവിഞ്ചിയിലൂടെയും യേശുവിന്റെ യഥാർത്ഥരൂപം നമുക്കു ലഭ്യമായിരിക്കെ തിരുസ്വരൂപത്തെ വണങ്ങുന്നതിൽ എന്താണു തെറ്റ്?**

യേശുവിന്റെ കൂടെനടന്ന ശിഷ്യന്മാരോ യേശുവിനെ കണ്ടവരോ ആരുംതന്നെ തന്റെ രൂപം ഒരു നിലയിലും രേഖപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല വെളിപ്പാടിൽ കാണുന്ന യേശുവിന്റെ രൂപം ആർക്ക് വർണ്ണിക്കാനാവും. ഈ വിഷയങ്ങൾ കൂടുതൽ ആധികാരികമായി എന്റെ എക്സിഹോമോ പഠനപരമ്പര രണ്ടാം ഭാഗത്തിൽ വിശദമായി ചേർത്തിട്ടുള്ളതിനാൽ വസ്തുതകൾ ആവർത്തിക്കുന്നില്ല. എന്നിരിക്കിലും ടൂറിൻകച്ചയെക്കുറിച്ചും ഡാവിഞ്ചിയുടെ ചിത്രത്തെക്കുറിച്ചും പരാമർശിക്കാതെ പോകുന്നത് ഉചിതമല്ലല്ലോ? ക്രൂശീകരണത്തിനുശേഷം യേശുക്രിസ്തുവിന്റെ ശരീരം പൊതിഞ്ഞത് എന്നു കരുതപ്പെടുന്ന ടൂറിൻകച്ച മനുഷ്യസൃഷ്ടിയാണെന്നത് തെളിഞ്ഞുകഴിഞ്ഞ കാര്യമാണ്. മദ്ധ്യകാലഘട്ടത്തിലെ ഒരു സങ്കേതമുപയോഗിച്ച് ടൂറിൻകച്ചയ്ക്ക് സമാനമായൊന്ന് നിർമ്മിക്കുവാൻ ഫ്രാൻസിലെ സയൻസ് എറ്റ്വയേയ്ക്ക് സാധിച്ചിട്ടുണ്ട്. 1988 ൽ തന്നെ കാർബൺ പരിശോധനയിലൂടെ ശാസ്ത്രജ്ഞർ ടൂറിൻകച്ച കൃത്രിമ സൃഷ്ടിയാണെന്നു തെളിയിച്ചതാണ്. 1260 നും 1390 നും ഇടയിലെങ്ങോ ആണ് കച്ച നിർമ്മിച്ചത് എന്നാണ് അവർ കണ്ടെത്തിയത്. കച്ച യഥാർത്ഥമല്ലെന്ന് അന്നത്തെ ടൂറിൻ ആർച്ച്ബിഷപ്പുതന്നെ സമ്മതിക്കുകയും ചെയ്തിരുന്നു. ടൂറിൻകച്ചയെക്കു



റിച്ചുള്ള ഏറ്റവും പുരാതനമായ ചരിത്രരേഖ 1357ലേതാണ്. കിഴക്കൻ ഫ്രഞ്ച് നഗരമായ ട്രോയിസിന് സമീപം ലിറേയിലെ ഒരു പള്ളിയിലാണ് കച്ച ആദ്യം കാണപ്പെട്ടത്. മദ്ധ്യകാലഘട്ടത്തിൽ കച്ച വ്യാജമായി സൃഷ്ടിച്ചയാളും പ്രതിമപോലൊരു രൂപം ഉപയോഗിച്ചിരിക്കാം എന്നാണ് പരീക്ഷണങ്ങൾക്ക് ചുക്കാൻ പിടിച്ച മാർസയ്ൽ സർവ്വകലാശാല ആശുപത്രിയിലെ ജാക്ക്ദെക്കോസ്റ്റാൻസോ വിലയിരുത്തുന്നത്.

ലിയനാർഡോ ഡാവിഞ്ചിക്ക് യേശുവിനെ കാണാൻ ഭാഗ്യം ലഭിച്ചിട്ടില്ല. ഡാവിഞ്ചിയാകട്ടെ തന്റെ ഭാവനയ്ക്കനുസരിച്ച് യേശുവിന്റെ മുഖം പകർത്താൻ അനുയോജ്യനായ ഒരു ചെറുപ്പക്കാരനെ ഇറ്റലിയിൽനിന്ന് കണ്ടെത്തുകയായിരുന്നു. യേശുവിന്റെയും ശിഷ്യന്മാരുടെയും ചിത്രങ്ങൾ തന്റെ ഭാവനയ്ക്കനുസരിച്ച് വരച്ചെങ്കിലും യൂദായുടെ ചിത്രം വളരെ വർഷങ്ങൾക്കുശേഷമാണ് പൂർത്തിയായത്. റോമിലെ ഒരു തെരുവിൽവച്ച് ഒരു ഭിക്ഷക്കാരനെ ഡാവിഞ്ചി കണ്ടു. അയാളുടെ മുഖഭാവം ഡാവിഞ്ചിയുടെ ഭാവനയിലുള്ള യൂദാസിന്റേതായിരുന്നു. ഡാവിഞ്ചി യാചകനെ സ്റ്റുഡിയോയിൽ കൊണ്ടുപോയി. ദുഷ്ടചിന്തകൾ സ്ഫുരിക്കുന്ന ആ മുഖം ക്യാൻവാസിൽ പകർത്തിക്കഴിഞ്ഞപ്പോഴാണ് വർഷങ്ങൾക്കുമുമ്പ് യേശുവിന്റെ മുഖത്തിനുവേണ്ടി മോഡലായിരുന്ന പെട്രോബെൻഡിനെല്ലി തന്നെയാണ് യാചകനായി യൂദാസിന്റെ വേഷത്തിൽ തന്റെ അടുക്കൽ ഇരിക്കുന്നതെന്ന് ഡാവിഞ്ചി തിരിച്ചറിഞ്ഞത്. നാം ഇന്നു കാണുന്ന തിരുസ്വരൂപം ആരുടേത് - എങ്ങനെയുള്ളത് എന്ന് ഒരു നിമിഷം ചിന്തിക്കുക. ക്രിസ്തുവിന്റെ പേരുംപറഞ്ഞ് കൃത്രിമസൃഷ്ടികളുണ്ടാക്കി പാവപ്പെട്ട ഭക്തരെ കബളിപ്പിച്ച് മുതലെടുപ്പ് നടത്തുന്ന പള്ളിമതങ്ങളുടെ വഞ്ചന വിശ്വാസികൾ ഇനിയെങ്കിലും തിരിച്ചറിയണം.

**പട്ടത്വസഭകൾ വചനത്തെ വികലമാക്കുന്നു–ദുർവ്യാഖ്യാനം നൽകുന്നു എന്നതിനു തെളിവുണ്ടോ?**

തെളിവുകൾ എത്ര വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും പത്തുകല്പനകളിൽ 2 ാമത്തെ കല്പനയായ വിഗ്രഹമുണ്ടാക്കരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത് (പുറപ്പാട്. 20:4,5) എന്നുള്ളത് കത്തോലിക്കരുടെ പത്തു

കല്പനകളിലില്ല. അന്യന്റെ ഭാര്യയെ മോഹിക്കരുത്, അന്യന്റെ വസ്തുക്കൾ മോഹിക്കരുത് എന്നിങ്ങനെ പത്താം കല്പന രണ്ടുഭാഗമാക്കിമാറ്റി ഇവർ പത്തു കല്പന തികയ്ക്കുന്നു.

45 ാം സങ്കീർത്തനത്തിന്റെ പ്രസക്തഭാഗങ്ങൾ മണവാളനായ ക്രിസ്തുവിന്റെ സന്നിധിയിൽ സഭയാകുന്ന മണവാട്ടിയുടെ പദവിയാണെന്ന് പകൽപോലെ വ്യക്തമായിരിക്കെ ഓർത്തഡോക്സ്, യാക്കോബായ സഭകൾ "നിന്നാൽ സ്തുതിയൊടു രാജമക്കൾ" എന്നു തുടങ്ങുന്ന ഗീതത്തിൽ ആയത് കന്യാമറിയമാണെന്നു പാടുന്നു. ഗലാത്യർ 1: 8ൽ 'ദൈവത്താൽ ശപിക്കപ്പെട്ടവൻ' എന്നർത്ഥത്തിൽ പൗലോസു പറയുന്ന വാക്യത്തിൽ തിരിമറി നടത്തി 'താൻ ഏൽക്കും സഭയിൻ ശാപം' എന്നാക്കി മാറ്റിയിരിക്കുന്നു. വചനം അനുസരിക്കുന്നെങ്കിൽ അതു മാത്രം അനുസരിക്കണം. വചനത്തിനു ദുർവ്യാഖ്യാനം നൽകി വിരുദ്ധമായതു ചെയ്തിട്ടു വചനം മേമ്പൊടി ചേർക്കുന്നത് വചനത്തെ അവഹേളിക്കുന്നതിന് തുല്യമാണ്.

## വിശുദ്ധ കാനോനികഗ്രന്ഥങ്ങളെ അപ്പൊക്രിഫ എന്ന പേരിൽ തള്ളിക്കളയുന്നത് എന്തുകൊണ്ട്?

ക്രൈസ്തവരുടെ പഴയനിയമത്തിന്റെ ഗ്രീക്ക്, ലത്തീൻ, കൈയെഴുത്തുപ്രതികളിൽ സാമാന്യമായി ഉൾപ്പെടാത്തതും എബ്രായ ബൈബിളിൽ കാണാത്തവയുമായ ഗ്രന്ഥങ്ങളെ പരാമർശിക്കാൻ പ്രൊട്ടസ്റ്റന്റുകാർ ഉപയോഗിച്ചുപോന്ന പദമാണ് അപ്പൊക്രിഫ (ഗുപ്ത ലിഖിതങ്ങൾ അഥവാ ഒളിപ്പിച്ചു വച്ചത് എന്നതിന്റെ ഗ്രീക്കുപദം). അപ്പൊക്രിഫായിൽ 15 ഗ്രന്ഥങ്ങൾ ഉൾപ്പെട്ടിരുന്നതായി പരമ്പരാഗതമായി പരിഗണിക്കപ്പെടുന്നു: എസ്ദ്രാസ് ഒന്നും രണ്ടും പുസ്തകങ്ങൾ, തോബിത്ത്, ജൂഡിത്ത്, എസ്ഥേറിന്റെ പുസ്തകത്തിന്റെ പരിശിഷ്ടങ്ങൾ, ശലോമോന്റെ വിജ്ഞാനം, എക്ലിസിയാസ്റ്റിക്കസ് അഥവാ സിറാക്കിന്റെ മകനായ യേശുവിന്റെ വിജ്ഞാനം (ചുരുക്കത്തിൽ എബ്രായ ഭാഷയിൽ ബെൻസീറാ), ബാരുക്ക്, യിരമ്യായുടെ എഴുത്ത് (ഇതു ചിലപ്പോൾ ബാരുക്കിന്റെ ആറാം ആദ്ധ്യായമായി ഉൾപ്പെടുത്താറുണ്ട്), അസറിയായുടെ പ്രാർത്ഥനയും മൂന്നു യുവാക്കന്മാരുടെ ഗാനവും, സൂസന്ന, ബേലും മഹാസർപ്പവും, മനശ്ശെയുടെ പ്രാർത്ഥന, മക്കബായർ ഒന്നും രണ്ടും പുസ്തകങ്ങൾ.



വിശുദ്ധഗ്രന്ഥമായി സാർവത്രികാംഗീകാരം ഇല്ലാത്ത ഒരുകൂട്ടം പുസ്തകങ്ങളാണിവ. അപ്പോക്രിഫോസ് എന്ന ഗ്രീക്കുപദത്തിന് ഗോപ്യം എന്നാണ് അർഥം. 2 എസ്ദ്രാ 14-ൽ എസ്രാശാസ്ത്രികൾ തൊണ്ണൂറ്റിനാലു ഗ്രന്ഥങ്ങൾ പറഞ്ഞുകൊടുത്തു എന്നും അവയിൽ എഴുപതെണ്ണം 'നിങ്ങളുടെ ഇടയിലെ ജ്ഞാനികൾക്കുള്ളതാകുന്നു; എന്തെന്നാൽ അവ ബോധ സ്രോതസ്സുകളും വിവേകധാരകളും ജ്ഞാനനദികളും ഉൾക്കൊള്ളുന്നു' എന്നതിനാൽ പരസ്യമായി വായിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നില്ല എന്നും പറയുമ്പോൾ അപ്പൊക്രിഫാ എന്ന ശബ്ദംകൊണ്ട് വിവക്ഷിക്കപ്പെട്ടിരുന്നത് എന്താണ് എന്ന് ഏകദേശമായി ഗ്രഹിക്കാം.

ലൂതറും പ്രൊട്ടസ്റ്റന്റു നവീകരണനേതാക്കളും എടുത്ത നിലപാടിനോടുള്ള പ്രതികരണമെന്നോണം റോമൻ കത്തോലിക്കാ ബിഷപ്പുമാർ 1546 ലെ ട്രെന്റു കൗൺസിലിൽ വച്ച് കാനോനികമായ ഗ്രന്ഥങ്ങളുടെ പട്ടിക തയ്യാറാക്കി എസ്ദ്രാസ് ഒന്നും രണ്ടും ഗ്രന്ഥങ്ങളും മനശ്ശെയുടെ പ്രാർത്ഥനയും ഒഴികെയുള്ള എല്ലാ വിവാദഗ്രന്ഥങ്ങളും അതിലുൾപ്പെടുത്തി. കൂടുതലായി വന്ന ഗ്രന്ഥങ്ങളെ ജറോമും പ്രൊട്ടസ്റ്റന്റുകാരും ചെയ്തതുപോലെ അപ്പൊക്രിഫ എന്നല്ല ബിഷപ്പുമാർ വിളിച്ചത്. ദ്വിതീയ കാനോനിക ഗ്രന്ഥങ്ങൾ (ഡ്യൂട്ടെറൊ-കാനോനിക്കൽ വർക്ക്സ് Deutero-canonical works) എന്ന നാമമാണവർ നല്കിയത്. ഡ്യൂട്ടെറൊ എന്നതിന് ഗ്രീക്കിൽ രണ്ടാമത്തേത് എന്നർത്ഥം; ഡ്യൂട്ടെറൊ- കാനോനിക്കൽ എന്നാൽ ഈ ഗ്രന്ഥങ്ങളുടെ അധികൃതസ്വഭാവം എബ്രായബൈബിളിൽ (പ്രോട്ടോ കാനോനിക്കൽ) കാണുന്ന ഗ്രന്ഥങ്ങളുടെ കാലം കഴിഞ്ഞാണ് അംഗീകൃതമായത് എന്നർത്ഥം. അങ്ങനെ ഈ കൂടുതൽ ഗ്രന്ഥങ്ങൾ ഇന്ന് അപ്പൊക്രിഫൽ ഡ്യൂട്ടെറൊ-കാനോനിക്കൽ (Apocryphal/ Deutero-canonical) എന്നറിയപ്പെടുന്നു. അപ്പൊക്രിഫൽ എന്നത് പ്രൊട്ടസ്റ്റന്റു നാമവിശേഷണവും ഡ്യുട്ടെറൊ കാനോനിക്കൽ എന്നത് റോമൻ കത്തോലിക്കാ വിശേഷണവും. അപ്പൊക്രിഫയെ ദ്വിതീയ കാനോനികഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നെങ്കിലും അവയ്ക്ക് സഭയിൽ ഒരു വിധത്തിലും അധികാരമോ സ്ഥാനമോ കല്പിക്കുന്നില്ല.

നവീകരണസഭകളും, പ്രസ്ബിറ്റീറിയൻ സഭകളും അംഗീകരിച്ചിട്ടുള്ള വെസ്റ്റ്മിൻസ്റ്റർ വിശ്വാസപ്രഖ്യാപനം (1647) പഴയനിയ

മത്തിലെ 39 പുസ്തകങ്ങളുടെയും പുതിയനിയമത്തിലെ 27 പുസ്തകങ്ങളുടെയും പട്ടിക കൊടുത്തശേഷം തുടർന്നു പറയുന്നു: അപ്പൊക്രിഫ എന്ന പേരിൽ സാധാരണ അറിയപ്പെടുന്ന ഗ്രന്ഥങ്ങൾ ദൈവശ്വാസീയമല്ലായ്കയാൽ തിരുവെഴുത്തുകളുടെ (കാനോന്റെ) ഭാഗമല്ല. അതുകൊണ്ട് ദൈവത്തിന്റെ സഭയിൽ അവയ്ക്ക് അധികാരവുമില്ല. ഇതര മാനുഷിക രേഖകൾക്കുപരി അവയെ പരിഗണിക്കുന്നതുമില്ല.

## കത്തോലിക്കാ സഭ പഠിപ്പിക്കുന്ന വസ്തുതകളും പി.ഒ.സി. ബൈബിളിലൂടെ കേരളാ കാതോലിക് ബിഷപ്സ്കൗൺസിൽ പ്രഖ്യാപിക്കുന്ന സത്യങ്ങളും പരസ്പരവിരുദ്ധങ്ങളാണെന്ന് പറയാൻ കാരണം?

ആത്മരക്ഷയ്ക്കുള്ള മാർഗ്ഗം ഓരോരുത്തരും ബൈബിളിൽനിന്ന് കണ്ടെത്തി രക്ഷനേടി കൊള്ളേണമെന്നും ബൈബിൾ ദൈവവചനവും പ്രമാദരഹിതവുമാണെന്നും ദൈവചനം പാലിക്കണമെന്നും മെത്രാൻ സമിതി പറയുകയും ദൈവവചനത്തിനെതിരായ പാരമ്പര്യം അനുഷ്ഠിക്കണമെന്ന് കത്തോലിക്കാ സഭ തന്നെ നിർബന്ധിക്കുകയും ചെയ്യുമ്പോൾ ദൈവവചനം അനുസരിക്കണമോ അതോ പാരമ്പര്യം അനുഷ്ഠിക്കണമോ? രണ്ടും ഒരുമിച്ചു സാധ്യമല്ലാത്തതിനാൽ കത്തോലിക്കാ സഭ തന്നെ ഇതിന് ഒരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

## കത്തോലിക്കാ സഭയുടെ സംപൂർണ്ണ ബൈബിൾ സ്വീകാര്യമല്ലാ ത്തത് എന്തുകൊണ്ട്?

പി.ഒ.സി. ബൈബിളിന്റെ ആരംഭത്തിൽ ചേർത്തിരിക്കുന്ന ആമുഖ പ്രസ്താവന ശ്രദ്ധേയമാണ്. എ. ഡി. 1546 ൽ റോമൻ കത്തോലിക്കാ സഭ മാത്രം ബൈബിളിൽ കൂട്ടിച്ചേർത്തത് എന്ന് 12-ാം പേജിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ തോബിത്ത്, യൂദിത്ത്, ജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക്, 1,2 മക്കബായർ, ദാനിയേലിന്റെ ചില ഭാഗങ്ങൾ (3; 24-90, 13, 14) എസ്ഥേർ (11-16 അദ്ധ്യായങ്ങൾ) എന്നിവ സ്വീകാര്യമല്ല. ആധികാരികമായി പരിശുദ്ധാത്മാവ് ദൈവവചനം രൂപപ്പെടുത്തിയതിനു ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് ബൈബിളിനോട് തങ്ങൾക്ക് ബോധിച്ച കുറേ ഭാഗങ്ങൾ കൂട്ടിച്ചേർക്കുവാൻ



മനുഷ്യനെന്തവകാശം? പി.ഒ.സി. ബൈബിളിൽ 1546 ൽ കൂട്ടിച്ചേർത്ത പുസ്തകങ്ങളെക്കുറിച്ചായിരിക്കാം നന്മയും തിന്മയും ഇതിലുണ്ട് തെരഞ്ഞെടുപ്പ് നടത്തി ഓരോരുത്തരും രക്ഷപ്പെട്ടുകൊള്ളേണമെന്ന് ഇതിൽ എഴുതി ചേർത്തിരിക്കുന്നത്.

## മൂറോൻ പുരട്ടാത്തവർ ക്രിസ്ത്യാനികളാണോ?

പരിശുദ്ധാത്മാവ് ആളത്വമായി ഭൂമിയിൽ വരുന്നതിനു മുൻപ് ഒരു പ്രതീകമായി തൈലം പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവ് വന്നതിനുശേഷവും പൊരുളിനെ മറന്ന് നിഴലിനെ അന്വേഷിക്കുന്നത് ഭോഷത്വമല്ലയോ? ദൈവവചനപ്രകാരം ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുമ്പോഴാണ് ഒരുവൻ ദൈവമകനായി തീരുന്നത് . എന്നാൽ കത്തോലിക്ക, യാക്കോബായ, ഓർത്തഡോക്സ് സഭകൾ അതിനു വിരുദ്ധമായി മാമോദീസ മുങ്ങുമ്പോഴാണ് വീണ്ടുംജനിക്കുന്നതെന്ന് പഠിപ്പിക്കുന്നു. അതും പോരാഞ്ഞിട്ട് തൈലം പുരട്ടുമ്പോഴാണ് ക്രിസ്ത്യാനിയാകുന്നതെന്നു പറയുന്നു. അഹരോന്യ പുരോഹിതന്മാരെ അഭിഷേകം ചെയ്യുവാനുള്ള തൈലത്തിനു പകരമാണ് മൂറോൻ തൈലമെങ്കിൽ പട്ടത്വസഭകളുടെ അടിസ്ഥാനം അതു പൊളിക്കും (1 പത്രോ. 2: 9). കുരുമുളകും അങ്ങാടിമരുന്നും ചേർന്നാൽ പരിശുദ്ധാത്മാവാകുകയില്ല . തൈലം കുപ്പിയിലാക്കുന്നതുപോലെ ആത്മാവിനെ കുപ്പിയിലാക്കാൻ കഴിയുന്നതല്ല. മൂറോൻ തൈലത്തെ അംഗീകരിച്ചാൽ തന്നെ ബാവാകക്ഷിക്കാർ ഓർത്തഡോക്സുകാരുടെ മൂറോനെ അംഗീകരിക്കുന്നില്ല. ഇവരുടെ മൂറോൻ പുരട്ടാത്തവർ ക്രിസ്ത്യാനികളല്ലെന്നു വന്നാൽ മാർത്തോമാക്കാരും സി.എസ്.ഐ.ക്കാരും ക്രിസ്ത്യാനികളല്ലെന്നുവരും.

## ആഭരണം നീക്കുന്നതിലെന്തർത്ഥം?

പല ആഭരണങ്ങളും ജാതികളുടെ ആരാധനാമൂർത്തികളെ ചിത്രീകരിക്കുന്നവയാണ്. വിവാഹത്തിന് ഉപയോഗിക്കുന്ന മിന്നുതന്നെ സർപ്പത്തിന്റെ പത്തിയുടെ ആകൃതിയാണ്. വേദപുസ്തകത്തിൽ മാത്രമല്ല യാക്കോബായ, ഓർത്തഡോക്സ് സഭാ വിഭാഗങ്ങളുടെ പ്രമാണഗ്രന്ഥമായ കാനോൻ 2-ാം അദ്ധ്യായത്തിൽ സ്നാനപ്പെടുന്ന സ്ത്രീപുരുഷന്മാർ മോതിരങ്ങൾ മുതലായ ആഭരണങ്ങൾ നീക്കംചെയ്യണം എന്നു പറയുന്നുണ്ട്.

തിരുസഭാ ചരിത്രം 255-ാം പേജിൽ സേവ്യർ കടപ്പുഴ അച്ചൻ ആദിമക്രിസ്ത്യാനികൾ ആഭരണങ്ങൾ ധരിക്കുന്നത് നിന്ദ്യമായി കരുതിയിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കന്യാസ്ത്രീകൾ ആഭരണം ഉപയോഗിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല. 1 തിമോത്തി. 2:10 വായിക്കുക.

## ദൈവദാസന്മാരെന്ന പേരിൽ നിങ്ങളുടെയിടയിൽ വഞ്ചനകാണിക്കുന്നവരെക്കുറിച്ച് എന്തു പറയുന്നു?

ക്രമക്കേടുകളും വഞ്ചനകളും ഒറ്റപ്പെട്ട സംഭവങ്ങളാണ്. അത് എവിടെയും ഉണ്ടാകാം. അതു വച്ച് ഒരു തത്ത്വത്തെയോ സമൂഹത്തയോ വിധിക്കുവാൻ പാടില്ല. യൂദാസ് ഒറ്റുകാരനായതു കൊണ്ട് മറ്റു ശിഷ്യന്മാരും അയാളെപ്പോലെയാണെന്ന് വിധിക്കാൻ പറ്റുമോ. പൗലോസിനോടു കൂടെ നിന്നവർ വഞ്ചന കാണിച്ചില്ലേ. ക്രിമിനലുകളായ വ്യക്തികൾ പലരൂപത്തിലും ഭാവത്തിലും എല്ലാ സമൂഹത്തിലും നുഴഞ്ഞുകയറിയിട്ടുണ്ട്. അവരാരും സമൂഹത്തിന്റെ വക്താക്കളല്ല.

## എന്തുകൊണ്ട് നിങ്ങളുടെ ഇടയിൽ ഇത്രയധികം സഭകൾ?

കത്തോലിക്കാസഭയിൽത്തന്നെ കല്ദായസഭ, ലത്തീൻ സഭ, മലങ്കരസഭ എന്നിങ്ങനെ ഉപദേശ വൈവിദ്ധ്യങ്ങളുള്ള 20 ൽ പരം റീത്തുകളുണ്ട്. യാക്കോബായ സഭയുടെ സ്ഥാനത്ത് തമ്മിൽ ബന്ധമില്ലാത്ത യാക്കോബായ ഓർത്തഡോക്സുസഭകൾ ഉണ്ടെന്നു മാത്രമല്ല ലോകത്താകമാനം അനേക ഓർത്തഡോക്സു സഭകൾ ഉണ്ട്. എത്യോപ്യായിലെ ഓർത്തഡോക്സ് സഭ ശിശുവിനു പരിഛേദന നൽകുകയും ജന്തുബലി കഴിക്കുകയും ചെയ്യുന്ന സഭയാണ്. ഏബ്രഹാം മാർത്തോമ്മയുടെ ഉപദേശത്തിനു വിരുദ്ധമായി യൂഹാനോൻ മാർത്തോമയുടെ ഉപദേശം വന്നില്ലേ. എല്ലാ സഭാവിഭാഗങ്ങൾക്കും വിവിധ ഉപദേശങ്ങൾ പുലർത്തുന്ന ഗ്രൂപ്പുകളുണ്ട്. വചനത്തിൽ സത്യം കണ്ടെത്താൻ ശ്രമിക്കുന്ന വിശ്വാസികളുടെ ജീവിതത്തിന് ഇതൊന്നും തടസമല്ല.

ദൈവം ഒരുവൻ, കർത്താവ് ഒന്ന്, ആത്മാവ് ഒന്ന്, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, സഭ ഒന്ന് (എഫെസ്യർ 4:4-6). അതുപോലെ വഴി ഒന്ന്, വാതിൽ ഒന്ന്, സുവിശേഷം ഒന്ന്, അടിസ്ഥാനം ഒന്ന്,



നാമം ഒന്ന്, ആരാധന ഒന്ന്, ആരാധനാദിവസം ഒന്ന്, സ്വർഗ്ഗം ഒന്ന്, നരകവും ഒന്ന് എന്നാണ് വചനം പറഞ്ഞിരിക്കുന്നത്. ഇവ എല്ലാറ്റിലും സത്യം ഒന്നുമാത്രമാണ്. അതിനു മാറ്റമില്ല. മനുഷ്യൻ അതിനെ വ്യാഖ്യാനിച്ച് അതിന്റെ ശക്തിയില്ലാതാക്കാൻ ശ്രമിച്ചേക്കാം. എന്നാൽ സത്യം സത്യമായിത്തന്നെ നില നില്ക്കുന്നു. സത്യം രണ്ടോ മൂന്നോ അതിലധികമോ ഇല്ല. സത്യം ഒന്നു മാത്രമേയുള്ളു.

ദൈവം തന്റെ ഇഷ്ടം എന്തെന്ന് കാലാകാലങ്ങളിൽ വെളിപ്പെടുത്തിയ സത്യവേദപുസ്തകത്തിൽ നമ്മോട് അറിയിച്ചിട്ടുണ്ട് (2 തിമോഥെയൊസ് 3:16, 17). വചനം സത്യവും ജീവനും ആത്മാവുമാണ് (യോഹന്നാൻ 6:63). അതുകൊണ്ട് ദൈവത്താൽ എഴുതപ്പെട്ടിരിക്കുന്ന വചനത്തോട് കൂട്ടുവാനോ കുറക്കുവാനോ പാടില്ല. അത് അതുപോലെതന്നെ സ്വീകരിക്കാനാണ് ദൈവം പറഞ്ഞിരിക്കുന്നത്. സുവിശേഷത്തിൽ വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് യേശുക്രിസ്തു എത്രയും വ്യക്തമായി പറഞ്ഞ രക്ഷയുടെ സന്ദേശം കേട്ടിട്ട് (മർക്കോസ് 16: 16) സ്നാനം പ്രാധാന്യമുള്ളതല്ല, ശിശുസ്നാനമേറ്റാൽ മതി എന്ന് ഇനിയും വാദിച്ചു തർക്കിച്ചു നിൽക്കുവാനാണോ നിങ്ങളുടെ ശ്രമം. അതോ തെറ്റായ രീതിയിൽ സ്നാനമേറ്റാൽ ശരിയായ സ്നാനമേറ്റാലേ പരിശുദ്ധാത്മാവ് ലഭിക്കുകയുള്ളു എന്ന് ബോധ്യമായപ്പോൾ വചനപ്രകാരമുള്ള സ്നാനം ഏറ്റതുപോലെ (പ്രവത്തി 19: 2-5) ദൈവവചനം അനുസരിക്കുന്നവർക്ക് പ്രയോജനമുണ്ട് എന്ന വിശ്വാസത്താൽ ദൈവകല്പന അനുസരിക്കാൻ തയ്യാറാകുമോ?

പലർക്കും പാപങ്ങളെക്കുറിച്ച് കുറ്റബോധമുണ്ടാകാം. അതു നീങ്ങിക്കിട്ടേണ്ടതിന് ഉള്ളുരുകി പ്രാർത്ഥിക്കുന്നുണ്ടാകും. അതിനുള്ള ദൈവത്തിന്റെ മറുപടി മാനസാന്തരപ്പെട്ടു തെറ്റായ പ്രവർത്തികൾ മതിയാക്കി കർത്താവിനെ രക്ഷകനായി ഏറ്റുപറഞ്ഞ് ക്രിസ്തുവിന്റെ കല്പനയായ സ്നാനം സ്വീകരിക്കാൻ തയ്യാറാകണം എന്നുള്ളതാകുന്നു എഫേസ്യർ 3, അപ്പോ. പ്രവത്തി 18, 19 അദ്ധ്യായങ്ങളും ശ്രദ്ധയോടെ വായിക്കുക.

ദൈവകല്പനയെ നിരസിച്ച് മനുഷ്യസമ്പ്രദായങ്ങൾ അനുസരിക്കുന്നുവെങ്കിൽ ദൈവവചനം തള്ളിക്കളയുകയാണ് ചെയ്യുന്നത്. ഇപ്രകാരം ചെയ്യുന്നതിന്റെ ഫലങ്ങൾ ഗുരുതരമാണെന്ന് ചരിത്രം സാക്ഷിക്കുന്നു. ആത്മാർത്ഥതയുള്ള അസംഖ്യം ആളുകൾ ഇവിടെ വഞ്ചിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. യേശുക്രിസ്തു കുരിശിൽകൂടി സമ്പാദിച്ച വിലയേറിയ അനുഗ്രഹങ്ങൾ അവർക്ക് നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്നു. എന്തുകൊണ്ട് എന്നതിന് വചനം വ്യക്തമായ മറുപടി നൽകുന്നു. നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു (മർക്കോസ് 7: 8). പ്രിയരെ, നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞ് മാനുഷിക സമ്പ്രദായങ്ങൾ മുറുകെപ്പിടിക്കുമോ അതോ മാനുഷികമായ സമ്പ്രദായങ്ങൾ വിട്ടുകളഞ്ഞ് ദൈവകല്പന മുറുകെപ്പിടിക്കുമോ? ഇന്നുതന്നെ ഒരു തീരുമാനമെടുക്കേണ്ടതാണ്. മാനസാന്തരപ്പെടുക, സ്നാനപ്പെടുക, പരിശുദ്ധാത്മാവിനെ പ്രാപിക്കുക ഇതാണ് ദൈവകല്പന. (അപ്പൊ. പ്രവർത്തി. 2:38) ശരിയായ ക്രിസ്തീയ ജീവിതം പണിയപ്പെടേണ്ടതിന് ഒരേ ഒരു അടിസ്ഥാനത്തിലുള്ള ദൈവിക പദ്ധതിയാണിത്.

വാസ്തവത്തിലുള്ള വിശ്വാസം അന്ധതയെ ദുരീകരിക്കുന്നതും പ്രകാശത്തെ നൽകുന്നതുമാണ്. അന്ധമായി നാം ദൈവത്തെ വിശ്വസിക്കണമെന്നല്ല ദൈവം ആഗ്രഹിക്കുന്നത്. കാര്യകാരണസഹിതം എല്ലാ വിശ്വസനീയമായ തെളിവുകളും മനുഷ്യർക്ക് തന്റെ വചനത്തിലൂടെ ദൈവം നല്കിയിട്ടുണ്ട്. പക്ഷേ, ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ എല്ലാവരും അത് പരിശോധിക്കുന്നില്ല. അതുകൊണ്ടാണ് തെറ്റ് വിശ്വസിക്കുകയും ശരി കണ്ടെത്താതിരിക്കുകയും ചെയ്യുന്നത്. എന്നിരിക്കിലും സത്യം സത്യമായിത്തന്നെ നിലനില്ക്കുന്നു. നമ്മുടെ ജീവിതം ഈ ലോകത്തിൽ താല്ക്കാലികമാണ്. അതുകൊണ്ട് ഈ ആയുസ്സിൽതന്നെ നാം ആരാണെന്നും എവിടേക്ക് പോകുന്നുവെന്നും നമ്മോട് ദൈവം എന്താണ് ആവശ്യപ്പെടുന്നതെന്നും നമ്മെ ഇവിടാക്കിയ ദൈവത്തിൽനിന്നുതന്നെ മനസ്സിലാക്കണം. അങ്ങനെ അവിശ്വാസം പാപത്തിനു മറയാക്കാതെ വിശ്വാസം ദൈവത്തിന്റെ വചനത്താൽ ഉറപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ നമ്മുടെ ജീവിതം അർത്ഥവത്താകും.

വചനവിരുദ്ധമായ പട്ടത്വസഭകളുടെ യാത്രക്കെതിരെ പ്രതികരിക്കുന്ന ഈ പുസ്തകം നിങ്ങൾ വായിച്ചതിൽ സന്തോഷമുണ്ട്. അനാചാരങ്ങളുപേക്ഷിച്ച് സത്യം അനുസരിക്കുവാൻ നിങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു എങ്കിൽ ആ വിവരം ദയവായി ഞങ്ങളെ അറിയിക്കുക. ഈ പുസ്തകം ആരെല്ലാം വായിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അവരുടെ പേരും വിലാസവും ഞങ്ങളെ അറിയിച്ചാൽ പുസ്തകത്തിന്റെ ഓരോ കോപ്പി സൗജന്യമായി അയച്ചുകൊടുക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്. നിങ്ങളുടെ അവസ്ഥ എന്തുമാകട്ടെ; നിങ്ങളെ രക്ഷിക്കുവാൻ യേശുവിനു കഴിയും. അതിനായി യേശുവിനെ നിങ്ങളുടെ ജീവിതത്തിലേക്ക് ക്ഷണിക്കുക. അവന്റെ കല്പനകൾ അനുസരിക്കുക. സന്തോഷവും സമാധാനവും അനുഭവിച്ചറിയുക.

ലഘുവായനയ്ക്കുവേണ്ടി തികച്ചും ലളിതമായ വിശദീകരണം മാത്രമാണ് ഈ ചെറുപുസ്തകത്തിൽ നല്കിയിരിക്കുന്നത്. കൂടുതൽ ആധികാരികമായ വിശദീകരണം ആവശ്യമുള്ളവർ ഞങ്ങൾക്ക് എഴുതുക.

നിങ്ങളുടെ തീരുമാനം ദയവായി അറിയിക്കുക.